# പ്രകൃതി ദുരന്തങ്ങളും ദൈവികശിക്ഷയും

ആകാശീയവും ഭൗമികവുമായ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഇന്ന് ഈ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള ദുരന്തം നാളെ ഏതെങ്കിലും വൈഷമ്യങ്ങളിൽ തങ്ങളെ അകപ്പെടുത്തുമോ എന്ന് ദൈവഭയമുള്ള മനുഷ്യൻ ആശങ്കപ്പെടുന്നു. തങ്ങളുടെ ഏതെങ്കിലും പ്രവർത്തനങ്ങൾ ദൈവ കോപം ക്ഷണിച്ചുവരുത്തുന്നവയായിത്തീരുമോ എന്നവർ ഭയപ്പെടുന്നു. ഈ അവസ്ഥ ഒരു യഥാർത്ഥ മുഅ്മിന്നാണ് ഉണ്ടായിത്തീരുക. അത്പോലെ അല്ലാഹു നിരാശ്രയനാണ് എന്ന തിരിച്ചറിവ് പ്രാപ്യമായവർക്കാണ് ഈ അവസ്ഥ ഉണ്ടാകുക. ഇത്തരത്തിലുള്ള മുഅ്മിനീങ്ങളെക്കുറിച്ചാണ് അല്ലാഹു പറയുന്നത്. (23:58)

إِنَّ الَّذِينَ هُم مِّنْ خَشْيَةِ رَبِّهِم مُّشْفِقُونَ ۝

തങ്ങളുടെ നാഥനെക്കുറിച്ചുള്ള ഭയം നിമിത്തം വിറകൊള്ളുന്നവരായിരിക്കും. ഈ ഭയം കാരണമായി بِآيَاتِ رَبِّهِمْ يُؤْمِنُونَ തങ്ങളുടെ റബ്ബിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയുംചെയ്യുന്നു. തുടർന്നു പറയുന്നു. അവനാരേയും പങ്കാരനാക്കുന്നില്ല. എല്ലാ അവസ്ഥയിലും അവരുടെ ശ്രദ്ധ അല്ലാഹുവിലേക്ക് മാത്രമാകുന്നു. അവർ ഏതെങ്കിലും ദുരന്തത്തിൽ അകപ്പെടുമ്പോൾ മാത്രം അല്ലാഹവിനെ സ്മരിക്കുകയും അതിൽനിന്ന് രക്ഷ പ്രാപിക്കുമ്പോൾ അവനെ വിസ്മരിക്കുകയും ചെയ്യുന്നവരല്ല. മറിച്ച് പ്രയാസങ്ങളിലും ബുദ്ധിമുട്ടിലും സുഖത്തിലും എന്നിങ്ങനെ സർവ്വ അവസ്ഥയിലും അവർ അല്ലാഹുവിനെ സ്മരിക്കുന്നു. അതോടൊപ്പം നന്മയിൽ മുൻകടക്കാനും പരിശ്രമിക്കുന്നു. എല്ലാ പ്രയാസങ്ങളിൽ നിന്നും വൈഷമ്യങ്ങളിൽ നിന്നും സുരക്ഷിതമാകുമ്പോഴും അല്ലാഹുവിനെ സ്മരിക്കുന്നു. അത്പോലെ ഏതെങ്കിലും വിധത്തിലുള്ള ബുദ്ധിമുട്ടിൽ അകപ്പെടുമ്പോഴോ ഏതെങ്കിലും വിധത്തിലുള്ള കാലാവസ്ഥ വ്യതിയാനമോ, ദുരന്തസൂചനയോ കാണുമ്പോൾ അവർ കൂടുതലായി അല്ലാഹുവിലേക്ക് കുനിയുകയുംചെയ്യുന്നു.

റസൂലുല്ലാഹി ﷺ നമുക്ക് പരിപൂർണ്ണ മാതൃകയാണ്. ഖിയാമത്ത്വരെയുള്ള മുഅ്മിനീങ്ങൾക്ക് സമ്പൂർണ്ണ മാതൃകയാണ്. ഇത്തരത്തിലുള്ള അവസ്ഥ സംജാതമാകുമ്പോൾ എത്തരത്തിലായിരുന്നു അവിടുന്ന് പ്രവർത്തിച്ചിരുന്നത്. ഇത് സംബന്ധമായി ഹദ്റത്ത് ആയിശ رضي الله عنها യിൽ നിന്ന് നിവേദനമുണ്ട്, പറയുന്നു. "ശക്തിയായ കാറ്റ് വീശുമ്പോൾ അവിടുന്ന് ഇപ്രകാരം ദുആ ചെയ്യാറുണ്ടായിരുന്നു. അല്ലാഹുവേ ഇതിൽ അടങ്ങിയിരിക്കുന്ന ബാഹ്യവും ആന്തരികവുമായ എല്ലാ നൻമകളും ഞാൻ കാംക്ഷിക്കുന്നു. ഇതിലെ ബാഹ്യവും ആന്തരികവുമായ എല്ലാ ശർറിൽനിന്നും ഞാൻ അഭയം തേടുന്നു." ആയിശ رضي الله عنها വീണ്ടും പറയുന്നു. "ആകാശം മേഘാവൃതമായാൽ തിരുദൂതരുടെ മുഖം വിവർണ്ണമാകുമായിരുന്നു. ഇടക്ക് വീട്ടിലേക്ക് പ്രവേശിക്കും. ചിലപ്പോൾ പുറത്തേക്കിറങ്ങും. അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തിക്കൊണ്ടിരിക്കും. മഴ പെയ്ത്തുടങ്ങിയാൽ അസ്വസ്ഥത അവസാനിക്കുമായിരുന്നു. അവിടുത്തെ തിരുമുഖത്ത്നിന്ന് ഞാനിത് മനസ്സിലാക്കുമായിരുന്നു. ഒരിക്കൽ ഞാൻ തിരുദൂതരോട് ഈ അസ്വസ്ഥതയുടെ കാരണം ആരാഞ്ഞു. അവിടുന്ന് അരുൾചെയ്തു. ഏ ആയിശ! ഇത് ആദിന്റെ സമൂഹത്തിൽ ശിക്ഷ കൊണ്ട് വന്ന മേഘത്തെപോലെയാണെങ്കിലോ? ആദ് സമൂഹത്തെക്കുറിച്ച് അല്ലാഹു പറയുന്നു. മേഘം തങ്ങളുടെ പ്രദേശത്തേക്ക് വരുന്നത് കണ്ട് അവർ പറഞ്ഞു. ഇത് തങ്ങളിൽ മഴ വർഷിക്കുന്നതാണ്. എന്നാൽ അത് ശിക്ഷയുമായാണ് വന്നത്." അപ്പോൾ ഇതാണ് പരിപൂർണ്ണവിധേയത്വത്തിന്റെയും ഭയത്തിന്റെയും പ്രകടനം. അദ്ദേഹത്തോടാകട്ടെ സകല പ്രയാസങ്ങളിൽ നിന്നും രക്ഷപ്പെടുത്തുമെന്നുള്ള എണ്ണമറ്റ വാഗ്ദാനങ്ങളാണ് അല്ലാഹു ചെയ്തിട്ടുള്ളത്. അതോടൊപ്പം പുരോഗതിയുടേയും വിജയത്തിന്റെയും വാഗ്ദാനങ്ങളുമുണ്ട്. തിരുദൂതരുടെ കാലഘട്ടത്തിൽ ഒരു വിധത്തിലുള്ള ദുരന്തങ്ങളും മുസ്‌ലിംങ്ങളുടെ മേലുണ്ടാവുകയില്ല എന്ന വസ്തുതയും അവിടുത്തേക്ക് അറിയാമായിരുന്നു. എന്ന് മാത്രമല്ല അവിടുത്തെ ബർക്കത്ത് കാരണമായി മറ്റുള്ളവരും രക്ഷപ്പെട്ടിരുന്നു. ഒരു ദജ്ജാലിന്റെയും ദജൽ പ്രവർത്തിക്കുമായിരുന്നില്ല. ഈ കൊടുങ്കാറ്റുകളും മറ്റും വരുമ്പോൾ ഇത് തിരുദൂതർക്ക് അനുഗുണമായിട്ടായിരിക്കും വരിക എന്നും അവിടുത്തേക്കറിയാമായിരുന്നു. ബദർ യുദ്ധത്തിലാകട്ടെ ഖന്തക്കിലാകട്ടെ ഈ കൊടുങ്കാറ്റുകളെല്ലാം ശത്രുക്കളുടെ നാശത്തിനും നിന്ദ്യതക്കും തന്നെ കാരണമായിത്തീരുകയാണുണ്ടായത്. എന്നിരുന്നിട്ടും അവിടുന്ന് ചിന്താകുലനാകുന്നു. ഈ ആകാശീയദുരന്തങ്ങൾ കാരണമായി ഇക്കൂട്ടർ ഭൂമുഖത്ത്നിന്ന് ഉൻമൂലനം ചെയ്യപ്പെടുമോ എന്ന ആശങ്കയായിരുന്നു അങ്ങയെ ഭരിച്ചിരുന്നത്. സൃഷ്ടികൾക്കായി **റഹ്മത്തുൽലിൽ ആലമീ**ന്റെ ഹൃത്തടത്തിൽ അലയടിച്ചിരുന്ന കാരുണ്യത്തിന്റെ ഫലമായിട്ടായിരുന്നു ഈ പ്രകടനം. ഹ: ആയിശ رضي الله عنها നിവേദനത്തിൽ പറയുന്നത്പോലെ അദ്ദേഹത്തിന്റെ മുഖം ഈ അസ്വസ്ഥത കാരണമായി വിവർണ്ണമായിത്തീരുമായിരുന്നു. അല്ലാഹു നിരാശ്രയനാണ് എന്ന കാരണത്താലും ചിലരുടെ അഹങ്കാരവും അല്ലാഹുവിന്റെ ഖുദ്റത്തിനെ ശരിയായി തിരിച്ചറിയാത്തതുമായ കാരണത്താൽ മുഴുസമൂഹവും നാശത്തിലകപ്പെടുമോ എന്ന ആശങ്കയുമായിരുന്നു. സൂറ ഹൂദിനെ സംബന്ധിച്ച് അവിടുന്ന് ഒരു ഭാഗത്ത് പറയുകയുണ്ടായി. ഇതെന്നെ വൃദ്ധനാക്കിക്കളഞ്ഞു എന്ന്. സമൂഹങ്ങളുടെ നാശങ്ങളെ സംബന്ധിച്ച് ഇതിൽ പരാമർശിക്കുന്നു. അല്ലാഹുവിന്റെ സന്ദേശത്തെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കിയിരുന്ന തിരുദൂതർ ﷺ അദ്ദേഹത്തേക്കാളുപരി ആർക്കും തന്നെ അത് ഗ്രഹിക്കുവാൻ സാധിക്കുകയില്ല. ഉമ്മത്ത് എപ്പോഴും സത്പാന്ഥാവിൽ ചരിച്ചുകൊണ്ടിരിക്കുക എന്നത് തന്റെ ഉത്തരവാദിത്വമായി മനസ്സിലാക്കി. അല്ലാഹു പറയുന്നു.

فَاسْتَقِمْ كَمَا أُمِرْتَ وَمَن تَابَ مَعَكَ وَلَا تَطْغَوْا

അതിനാൽ നീയും നിന്നോടൊപ്പം (അല്ലാഹുവിങ്കലേക്ക്) തിരിഞ്ഞവരും നിന്നോട് ശാസിക്കപ്പെട്ട പ്രകാരം (നേർവഴിയിൽ) ഉറച്ച് നിൽക്കുക. നിങ്ങൾ (പരിധികൾ) ലംഘിക്കരുത്. (11:113) അതിര് ലംഘിക്കാതിരിക്കുവാൻ മുഅ്മിനീങ്ങളാണ് കൽപ്പിക്കപ്പെട്ടിരിക്കുന്നത്. അതിർലംഘനം എന്നത് ദൈവകോപത്തെ ക്ഷണിച്ചുവരുത്തുന്നതാണ്. ചുരുക്കത്തിൽ മുഅ്മിനീങ്ങളുടെ തൗബ യഥാർത്ഥ തൗബയായിരിക്കണം എന്ന ചിന്തയായിരുന്നു തിരുദൂതർക്കുണ്ടായിരുന്നത്. കാറ്റും മേഘവുംകണ്ട് അവിടുന്ന് അസ്വസ്ഥനാകുവാനുള്ള കാരണം വിശ്വാസികളുടെ പ്രവർത്തന വൈകല്യങ്ങൾ ഏതെങ്കിലും ദുരന്തങ്ങളെ ക്ഷണിച്ചുവരുത്തുന്നതാകുമോ എന്നതുമായിരുന്നു. ഇവിടെ മുഅ്മിനീങ്ങളോട് നിർദ്ദേശിച്ചിരിക്കുന്നത്, ഒരു പ്രാവശ്യം തൗബ ചെയ്തുവെങ്കിൽ നിങ്ങളുടെ മുമ്പാകെയുള്ള സമ്പൂർണ്ണ മാതൃകയെ നിങ്ങൾ അനുധാവനം ചെയ്യുക. അതല്ലെങ്കിൽ അല്ലാഹു നിരാശ്രയനാണ് എന്ന സംഗതി ഓർമ്മവെക്കുക. ദുരന്തങ്ങൾ കാണുമ്പോൾ ദൈവത്തെ ഓർക്കുകയും അത് വിദൂരപ്പെട്ടാൽ പഴയ അവസ്ഥയിലേക്ക് തിരിച്ചുപോകുന്നവരുമായ ആളുകളെപ്പോലെ

നിങ്ങൾ ആകരുത് എന്ന കൽപ്പനയും മുഅ്മിനീങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്നു. ഒരു മുഅ്മിന്റെ തൗബ യഥാർത്ഥ തൗബയാണ്. അത് സ്ഥിരതയാർന്ന തൗബയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ ഉദാഹരണം നൽകിക്കൊണ്ട് ഒരു ഭാഗത്ത് പറയുന്നു.

وَإِذَا غَشِيَهُم مَّوْجٌ كَالظُّلَلِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ فَمِنْهُم مُّقْتَصِدٌ وَمَا يَجْحَدُ بِآيَاتِنَا إِلَّا كُلُّ خَتَّارٍ كَفُورٍ ٣٣

മേഘങ്ങൾപോലെയുള്ള തിരമാലകൾ അവരെ മൂടിയാൽ ആരാധന അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവർ അവനെ വിളിച്ച് പ്രാർത്ഥിക്കുന്നു. എന്നിട്ട് അവരെ കരയിലേക്ക് അവൻ രക്ഷപ്പെടുത്തിയാൽ അവരിൽ ചിലർ മിതത്ത്വം പാലിക്കുന്നവരായിരിക്കും. (ചിലർ പൂർവ്വസ്ഥിതിയിൽ തന്നെ ബഹുദൈവവിശ്വാസികളായിത്തീരുന്നു.) മഹാ വഞ്ചകനും വളരെ നന്ദികെട്ടവനുമല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ മറ്റാരും നിഷേധിക്കുകയില്ല.(31:33)

ചുരുക്കത്തിൽ യഥാർത്ഥ വിശ്വാസിയുടെ വിളി പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ദൂരീകരിക്കപ്പെടുമ്പോഴും അല്ലാഹ് അല്ലാഹ് എന്ന് തന്നെയായിരിക്കും. എന്നാൽ വാഗ്ദാനലംഘകരും നന്ദിയില്ലാത്തവരും അല്ലാഹുവിനെ വിസ്മരിച്ച് കളയുന്നു. തങ്ങളുടെ മുൻകാല ദ്രോഹത്തിന്റേയും ശിർക്കിന്റെയും കുറ്റകൃത്യത്തിന്റെയും ലോകത്തേക്ക് തിരിച്ചുപോകുന്നു. ഇതാണ് നാം കണ്ട്കൊണ്ടിരിക്കുന്നത്. വൈഷമ്യത്തിന്റെയും ബുദ്ധിമുട്ടിന്റെതുമായ സന്ദർഭത്തിൽ ദൈവസന്നിധിയിൽ വീഴുന്നു എന്ന അവസ്ഥക്കും ഉപരിയായിട്ടുള്ളവരാണ് യഥാർത്ഥ മുഅ്മിനീങ്ങൾ. തങ്ങളിൽ വന്ന്ചേരുന്ന മുസീബത്തുകൾ മാത്രമല്ല അവരെ ഈമാനിൽ സുദൃഢതരമാക്കുന്നത്. മറിച്ച് നാം തിരുദൂതർ ﷺ യുടെ പ്രവർത്തനമാതൃകയിൽ കണ്ടത്പോലെ ഇതരസമൂഹങ്ങളുടെ പര്യവസാനവും അവരെ അസ്വസ്ഥരാക്കുന്നു. - അത് ഭൂതകാലത്തെ സംഭവങ്ങളാകട്ടെ ഇന്ന് വർത്തമാനകാലഘട്ടത്തിൽ നമ്മുടെ മുമ്പാകെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളാകട്ടെ - മുൻകഴിഞ്ഞ സമൂഹങ്ങളുടെ പര്യവസാനം ദൈവഭയം ഉളവാക്കുന്നവയാണെങ്കിൽ ഞാൻ പറഞ്ഞത്പോലെ നമ്മുടെ മുമ്പാകെ ഇതര സമൂഹങ്ങൾ നാശത്തിന് പാത്രമായിത്തീരുന്നത് ഒരു മുഅ്മിനെ എത്രമാത്രം ഭയപ്പെടുത്തുന്നതും, ദൈവസവിധത്തിൽ കുനിയുന്നതും അവനിൽ നിന്ന് മാർഗ്ഗദർശനം തേടുന്നതും ആക്കിത്തീർക്കണം. എന്നാൽ ഈ ലോകം ഇത് ഗ്രഹിക്കുന്നില്ല. ഈ കാലാവാസ്ഥാ വ്യതിയാനവും, ആകാശീയവും ഭൗമികവുമായ ദുരന്തങ്ങളും പ്രകൃതിനിയമത്തിൻ കീഴിൽ വരുന്നതാണ്. കുറച്ച് ഇടവേളകൾക്ക് ശേഷം ഇവ സംഭവിക്കേണ്ടതുണ്ട് എന്ന് ബഹുഭൂരിഭാഗം ആളുകളും കരുതുന്നു. ഇത് സാധാരണഗതിയിലുള്ള സംഗതികളാണെന്നവർ ധരിക്കുന്നു. ഇന്നത്തെ വിദ്യാസമ്പന്നരായ ആളുകളെ അവരുടെ വിദ്യ അല്ലാഹുവിന്റെ ഖുദ്റത്തുകളെ സംബന്ധിച്ച് ഭയമില്ലാത്തവരാക്കിത്തീർത്തിരിക്കുന്നു. ദുരന്തങ്ങൾ പ്രകൃതിനിയമത്തിൻ കീഴിൽ വരുന്നതാണ് എന്നത് ശരിതന്നെയാണ്. ഭൂകമ്പങ്ങൾ വരുമ്പോൾ ഭൂമിയുടെ ഗർത്തത്തിലുള്ള പ്ലേറ്റുകളിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഭൂകമ്പങ്ങൾക്ക് കാരണമാകുന്നു എന്നതും ശരിയാണ്. ന്യൂസിലാന്റ്, ജപ്പാൻ തുടങ്ങിയ ദ്വീപ സമൂഹങ്ങൾ ഈ ഭൂകമ്പ സാധ്യതയുള്ള പ്ലേറ്റിന് മുകളിലാണ് സ്ഥിതി ചെയ്യുന്നത്. ഈ ഭൂപ്രദേശങ്ങളിൽ ഭൂകമ്പങ്ങൾ കൂടുതലായി സംഭവിക്കുന്നു എന്നതും ശരിതന്നെയാണ്. എന്നാൽ ഇക്കാലഘട്ടത്തിൽ ദൈവനിയോഗിതനായ ദൈവത്തിന്റെ ഏതെങ്കിലും വരിഷ്ഠദാസൻ തന്റെ വാദത്തിന്റെ സത്യതയിലേക്ക് ഏതെങ്കിലും ഭൂകമ്പത്തിന്റെ പ്രവചനം ചെയ്തിട്ടുണ്ടോ എന്നതും പരിശോധനാവിധേയമാക്കേണ്ടതാണ്.

കുറെ മുമ്പാണ്, ഘാനയിൽ മുബല്ലിഗായിരുന്ന മൗലാന അസീം ബഷീർ സാഹിബ് അഹ്മദിയ്യത്ത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വാദം സംബന്ധമായി തബ്ലീഗ് ചർച്ച നടത്തുകയായിരുന്നു. അവിടെ ഘാനയിൽ അപ്പോൾ ഉലമാക്കളും മറ്റനവധി ആളുകളും പറയാൻ തുടങ്ങി. മസീഹ് മൗഊദ് ആഗതനാകുവാനുള്ള അടയാളം ഭൂകമ്പങ്ങളാണ്. താങ്കളുടെ വാദം ശരിയാണ് എങ്കിൽ ഞങ്ങളുടെ രാജ്യത്ത് ഭൂകമ്പത്തിന്റെ അടയാളം കാണിച്ച് തരിക. ഘാനയാകട്ടെ പൊതുവെ ഭൂകമ്പങ്ങൾ വരാത്ത പ്രദേശമാണ്. അങ്ങിനെ അദ്ദേഹം ദുആ ചെയ്തു. തത്ഫലമായി അവിടെ ഭൂകമ്പമുണ്ടായി. ഇത് കാരണം ജനങ്ങളിൽ ഒരസ്വസ്ഥത ഉടലെടുക്കുകയും ധാരാളം ആളുകൾ ക്രിസ്തുമതത്തിൽ നിന്നും മുസ്ലിംകളിൽ നിന്നും അഹ്മദിയ്യത്ത് ആശ്ലേഷിക്കുകയുണ്ടായി. അംഗീകരിക്കാത്തവർ അംഗീകരിക്കുകയില്ല. ചുരുക്കത്തിൽ അവിടെ ഭൂകമ്പത്തിന്റെ ഈ അടയാളം വിഖ്യാതമാകുകയുണ്ടായി. ഈ ഭൂകമ്പങ്ങളേയും മറ്റ് വിപത്തുകളേയും തന്റെ വാദത്തോട് ചേർത്ത് എപ്രകാരമാണ് പറഞ്ഞിരിക്കുന്നത്. ദുരന്തങ്ങളേയും ഭൂകമ്പങ്ങളേയും മറ്റും സംബന്ധിച്ച് അല്ലാഹുവിൽ നിന്ന് അറിവ് കരഗതമാക്കി ഏതെല്ലാം പ്രവചനങ്ങളാണ് അദ്ദേഹം ചെയ്തിരിക്കുന്നത് എന്ന് നോക്കുക. ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു. ''ദുരന്തങ്ങളെക്കുറിച്ച് എനിക്ക് നൽകപ്പെട്ട കാര്യങ്ങൾ ഇതാണ്. എല്ലാഭാഗത്തും മരണം വല വീശുന്നതാണ്. ഭൂകമ്പങ്ങൾ വരും കാഠിന്യത്തോടെ വരും. അവ ഖിയാമത്തിന്റെ അടയാളമായിരിക്കും. ഭൂമിയെ കീഴ്മേൽ മറിക്കുന്നതാണ്. ഒരുപാട് പേരുടെ ജീവിതം ദുരിതപൂർണ്ണമായിത്തീരുന്നതാണ്. തൗബ ചെയ്യുകയും തങ്ങളുടെ പാപങ്ങളെ വിട്ടൊഴിയുകയും ചെയ്യുന്നവരുടെ മേൽ അല്ലാഹു കരുണ ചൊരിയുന്നതാണ്. ഇക്കാലഘട്ടത്തെക്കുറിച്ച് മുൻകാലനബിമാർ പ്രവചനം ചെയ്തിട്ടുള്ള എല്ലാം തന്നെ പൂർത്തിയാവേണ്ടതുണ്ട്. എന്നാൽ തങ്ങളുടെ ഹൃദയങ്ങളെ സംശുദ്ധമാക്കുന്നവരും ദൈവാഭീഷ്ടത്തിന്റെ മാർഗ്ഗങ്ങൾ കരഗതമാക്കുകയും ചെയ്യുന്നവർക്ക് യാതൊരു ഭയമോ വ്യസനമോ ഉണ്ടായിരിക്കുകയില്ല. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു. നീ എന്റെ പക്കൽനിന്നുള്ള താക്കീത്കാരനാകുന്നു. കുറ്റവാളി സൽക്കർമ്മിയിൽ നിന്നും വ്യതിരിക്തമായിത്തീരുവാൻ ഞാൻ നിന്നെ നിയോഗിച്ചിരിക്കുന്നു.'' പറഞ്ഞു. ''ലോകത്ത് ഒരു താക്കീത്കാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല എന്നാൽ ദൈവം അദ്ദേഹത്തെ സ്വീകരിക്കുകയും അതി ശക്തിമത്തായ ആക്രമങ്ങൾ മുഖേന അദ്ദേഹത്തിന്റെ സത്യതയെ ലോകത്ത് നിലനാട്ടുന്നതാണ്. ഞാൻ നിനക്ക് അനുഗ്രഹങ്ങളുടെ മേൽ അനുഗ്രഹം ചൊരിയുന്നതാണ്. ഏത് വരെയെന്നാൽ രാജാക്കൻമാർപോലും നിന്റെ വസ്ത്രത്തിൽ നിന്നും അനുഗ്രഹം തേടുന്നതാണ്.'' പറയുന്നു. ''ഭൂകമ്പങ്ങളുടെ അടിസ്ഥാനത്തിൽ ഇനി ഒരു വലിയ ഭൂകമ്പം ഉണ്ടാകുമെന്നെനിക്ക് വാർത്ത് നൽകപ്പെട്ടിരിക്കുന്നു. ശേഷം വസന്തം വന്നു. ദൈവത്തിന്റെ വചനം വീണ്ടും പൂർത്തിയായി. അതിനാൽ ഇനി ഭയാനകമായ ഒരു ഭൂകമ്പം വരേണ്ടതുണ്ട്. എന്നാൽ സച്ചരിതർ അതിൽ സുരക്ഷിതരായിരിക്കും. അതിനാൽ രക്ഷപ്പെടുവാനായി സച്ചരിതരായിത്തീരുക. തഖ്വ സ്വായത്തമാക്കുക. അന്നത്തെ ദിവസം ഭയചകിതരാകാതിരിക്കുവാൻ ഇന്ന് ദൈവത്തെ ഭയപ്പെടുക. തീർച്ചയായും ആകാശം ചിലത് പ്രകടമാക്കുന്നതാണ്. ഭൂമിയും ചിലത് കാണിക്കുന്നതാണ്. എന്നാൽ ദൈവത്തെ ഭയപ്പെടുന്നവർ രക്ഷിക്കപ്പെടുന്നതാണ്.'' പറഞ്ഞു. ''ദൈവത്തിന്റെ വചനം എന്നോട് പറയുന്നത് ഒരുപാട് സംഭവങ്ങൾ ഉണ്ടാകും. ധാരാളം വിപത്തുകൾ ഇറങ്ങും. അവയിൽ ചിലത് എന്റെ ജീവിതത്തിൽ പ്രകടമാകും ചിലത് എനിക്ക് ശേഷവും. അവൻ ഈ പ്രസ്ഥാനത്തിന് പൂർണ്ണ പുരോഗതി നൽകുന്നതാണ്. കുറച്ച് എന്റെ കാലത്തും കുറച്ച് എനിക്ക് ശേഷവും.''

അപ്പോൾ ഇതാണ് അദ്ദേഹത്തിന്റെ വാദം. ഇതിന് മുമ്പ് കഴിഞ്ഞ വർഷമാണെന്ന് തോന്നുന്നു ഇത് സംബന്ധമായി ഞാൻ പറഞ്ഞിരുന്നു. അതായത് കഴിഞ്ഞ നൂറ് വർഷത്തിനുള്ളിൽ സംഭവിച്ചിട്ടുള്ള ഭൂകമ്പങ്ങൾ

ഇതിന് മുമ്പ് റിക്കാർഡ് ചെയ്യപ്പെട്ടിട്ടില്ല. ചെറുതായിട്ടുള്ളവയല്ല. വലിയ വലിയ മുൻകാല ദുരന്തങ്ങൾ റിക്കാർഡ് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അവ ഈ നൂറ് വർഷത്തിൽ സംഭവിച്ചിട്ടുള്ളത്ര ആകുന്നില്ല. അല്ലാഹു ഈ അടയാളം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടെക്കൂടെ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. അതിനാൽതന്നെ ഈ താക്കീതിനെ കൂടെക്കൂടെ നമ്മുടെ മുമ്പാകെ വെക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. അത് മുഖേന നമ്മുടെ ഈമാനെ സുദൃഢമാക്കുവാനും ഈ സന്ദേശത്തെ ലോകത്തിലേക്ക് എത്തിക്കുന്നതിന്റെ ഉത്തരവാദിത്തം നിർവ്വഹിക്കുന്നവരുമായിത്തീരുവാനും. ഏതൊരു സന്ദേശവുമായാണോ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ആഗതനായത്. അവിടുന്ന് വളരെ വ്യക്തമായിപ്പറഞ്ഞത് എന്റെ ദൃഷ്ടാന്തങ്ങൾ എനിക്ക് ശേഷവും പ്രകടമായിക്കൊണ്ടിരിക്കുമെന്നാണ്. അപ്പോൾ എത്ര ശക്തമായ രീതിയിലാണ് അദ്ദേഹം ലോകത്തിന്റെ ശ്രദ്ധയെ ഈ ഭാഗത്തേക്ക് ക്ഷണിക്കുന്നത്. നാമും ഇത് സംബന്ധമായി ലോകരെ ഉണർത്തേണ്ടതുണ്ട്.

കഴിഞ്ഞ വാരം ജപ്പാനിൽ അതിശക്തമായ ഭൂചലനം ഉണ്ടായി. കൂടെതന്നെ സുനാമിയും. ഇത് ചില പട്ടണങ്ങളെ തുടച്ചുനീക്കുകയുണ്ടായി. ഭൂചലനത്തിൽ നാശോന്മുഖമായ പട്ടണങ്ങൾ ജലപ്രവാഹത്തിൽ ഒലിച്ചുപോയി. നമ്മുടെ അവിടെയുള്ള അഹ്മദികളുടെ ടീം ദുരന്തബാധിതരെ സഹായിക്കുവാനായി പോയി. വഴിമദ്ധ്യേ അവരുടെ ഫോൺ വന്നു. ''ഞങ്ങൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്ന ഈ ഭാഗത്ത് ഒരു പട്ടണമുണ്ടായിരുന്നു. പതിനഞ്ച്, ഇരുപതിനായിരം വരുന്ന ജനവിഭാഗമുള്ള പ്രദേശമായിരുന്നു. ഇപ്പോൾ ഞങ്ങൾ അതിലൂടെയാണ് കടന്ന്പോയ്ക്കൊണ്ടിരിക്കുന്നത് എന്നാൽ ഇപ്പോൾ ഇവിടെ ഈ പട്ടണത്തിൽ ഒന്നുംതന്നെ അവശേഷിക്കുന്നില്ല. വഴികൾതന്നെ പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. വഴികൾപോകട്ടെ വലിയവലിയ കെട്ടിടങ്ങൾതന്നെ ഒഴുകിപ്പോയി.''

ചുരുക്കത്തിൽ ഇത് വലിയ ഭയപ്പെടേണ്ട സന്ദർഭമാണ്. എന്നാൽ ഈ ഭയത്തോടൊപ്പം നാം നമ്മുടെ യജമാനൻ صلى الله عليه وسلم യുടെ മാതൃക പിൻപറ്റിക്കൊണ്ട് ദുആയും ചെയ്യേണ്ടതുണ്ട്. ***അല്ലാഹു ലോകത്തിന് സത്യം മനസ്സിലാക്കാനുള്ള തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.*** അങ്ങിനെ ദുരന്തങ്ങളിൽ നിന്നും അവർ രക്ഷിക്കപ്പെടുവാൻ. ഈ ദുരന്തങ്ങളിൽപെട്ട് നാശോന്മുഖരാകുന്നതിനുപകരം അല്ലാഹു അവരുടെ ഹൃദയങ്ങളെ തുറക്കുമാറാകാൻ. അതോടൊപ്പംതന്നെ ഈ സന്ദേശം എത്തിക്കേണ്ടതിന്റെയും ആവശ്യകതയുണ്ട്. ജപ്പാനികളെ സംബന്ധിച്ചാകട്ടെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് ശുഭപ്രതീക്ഷയാണുള്ളത്. ഈ സന്ദേശം അവരിലേക്കെത്തിക്കുവാനുള്ള അദമ്യമായ ആഗ്രഹവും അദ്ദേഹത്തിനുണ്ടായിരുന്നു. അപ്പോൾ ഈ ദുരന്തങ്ങൾ അവിടെ വരുമ്പോൾ അവർക്കായി സുവാർത്തകളുമുണ്ട്. അതായത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഈ പ്രതീക്ഷക്കനുസ്യതമായി അല്ലാഹുവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെ മനസ്സിലാക്കുവാൻ ശ്രമിക്കുകയാണെങ്കിൽ അവർ രക്ഷിക്കപ്പെടുന്നതാണ്. അതിനാൽ നാമും ഈ ഭാഗത്തേക്ക് ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. അവിടെ ചെറിയ ജമാഅത്താണുള്ളത്. എന്നാൽ ഉള്ളവർ തങ്ങളുടെ സർവ്വശക്തിയും സമാഹരിച്ച് ഇതിനായി പരിശ്രമിക്കേണ്ടതാണ്. കഴിയുന്നത്ര ഈ സന്ദേശത്തെ എത്തിക്കുക. പ്രത്യേകിച്ച് ഈ സന്ദർഭത്തിൽ ഹിക്മത്തോടുകൂടി സന്ദേശപ്രചാരണം നടത്തുകയും അതോടൊപ്പം സൃഷ്ടിസേവനരംഗത്തും മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുക. സൃഷ്ടിസേവനം ഈ ഭാഗത്ത് ഞാൻ പറഞ്ഞത്പോലെ നമ്മുടെ സഹോദരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഭക്ഷണ പദാർത്ഥങ്ങൾ എത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇസ്ലാമിന്റെ മനോഹര അദ്ധ്യാപനങ്ങൾ അവർ മനസ്സിലാക്കുന്നവരായിത്തീരുവാൻ ഈ ബന്ധങ്ങളെ സ്ഥായിയാക്കിമാറ്റേണ്ടതിന്റെ ആവശ്യകതയുണ്ട്. ജപ്പാൻ തങ്ങളുടെ പാരമ്പര്യ ഷിൻതോ മതത്തിൽ അഭിമാനിക്കുന്നവരാണ്. അതിലാണ് അവരുടെ ശ്രദ്ധയുള്ളത്. അത്പോലെ അവരിൽ ബുദ്ധമതക്കാരുമുണ്ട്. ചില ഗവേഷകൻമാരുടെ നിഗമനത്തിൽ രണ്ട് മതത്തേയും സമന്വയിപ്പിച്ച്കൊണ്ടാണ് അവർ മുന്നോട്ട്പോകുന്നത്. വിവാഹസന്ദർഭങ്ങളിൽ ഷിൻതോ മതത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോൾ മരണവേളകളിൽ ബുദ്ധമതത്തിന്റെ അടിസ്ഥാനത്തിൽ ആചാരങ്ങൾ നടത്തുന്നു.

എന്റെ ഒരു നല്ല ജപ്പാനീ സുഹൃത്തുണ്ട്. അദ്ദേഹം ഊഷ്മളമായ ബന്ധമാണ് ജമാഅത്തിനോട് പുലർത്തുന്നത്. സർക്കാരുദ്യോഗസ്ഥനൊന്നുമല്ലെങ്കിലും ഭരണതലങ്ങളിൽ നല്ല സ്വാധീനമുള്ള വ്യക്തിത്വമാണ്. സംസാരമദ്ധ്യേ അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി ഞങ്ങളുടെ ഷിൻതോ മതം കാരണമായി ജപ്പാനികൾ ഇസ്ലാമിലേക്ക് ശ്രദ്ധിക്കുന്നതല്ല. ഞാനദ്ദേഹത്തോട് പറഞ്ഞത് അതിൽ ധാരാളം ധാർമ്മിക ഗുണങ്ങളൊക്കെയുണ്ട്. എന്നിരുന്നാലും ഇസ്ലാമിലേക്ക് ഒരുനാൾ ഇവർക്ക് വരേണ്ടിവരും. ഇവരുടെ അടിസ്ഥാനഗുണങ്ങളെ പരാമർശിക്കുകയാണെങ്കിൽ ഞാൻ പറഞ്ഞതുപോലെ ഷിൻതോ വളരെ നല്ല ധാർമ്മികാദ്ധ്യാപനങ്ങൾ നൽകുന്നുണ്ട്. എന്നല്ല ഇസ്ലാമിന്റെ ഉന്നതമായ മൂല്യങ്ങളെ അവർ സ്വാംശീകരിച്ചിരിക്കുന്നതായാണ് മനസ്സിലാകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇസ്ലാമിന്റെ സന്ദേശം ജപ്പാനിലേക്കെത്തിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നു. ജപ്പാനിൽ ജനങ്ങൾക്ക് ഇസ്ലാമിലേക്ക് ശ്രദ്ധയുണ്ടായിരിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു എന്നദ്ദേഹം ഒരു മജ്ലിസിൽ പറയുകയുമുണ്ടായിട്ടുണ്ട്. ''അതിനായി ഇസ്ലാമിക അദ്ധ്യാപനങ്ങൾ പൂർണ്ണമായി വിവരിക്കുന്ന, ഇസ്ലാമിന്റെ സമ്പൂർണ്ണരൂപം ഉൾകൊള്ളുന്ന, ഏത്പോലെയെന്നാൽ മനുഷ്യൻ ഒരാളുടെ പൂർണ്ണരൂപം ആപാദചൂഢം വിവരിക്കുന്നുവോ ഇപ്രകാരം ഇസ്ലാമിന്റെ വിവരണം ഉൾകൊള്ളുന്ന, ഈ അദ്ധ്യാപനങ്ങളുടെ പ്രയോജനവും ഫലങ്ങളും എല്ലാം വിശദമാക്കുന്ന ഒരു ഗ്രന്ഥം തയ്യാറാക്കേണ്ടതുണ്ട്, ഇതിൽ ധാർമ്മികഗുണങ്ങൾ വേറെ വിവരിക്കുക, കൂടെ ഇതര മതങ്ങളുമായുള്ള താരമത്യവും ഉൾപ്പെടുത്തി അവയുമായി മത്സരിക്കുക.'' പറഞ്ഞു. ''ഇസ്ലാം എന്താണ് എന്ന കാര്യത്തിൽ അവർ തികച്ചും അജ്ഞരാണ്. മറ്റുള്ളവർ ഇസ്ലാമിന്റേതായി എഴുതി സമർപ്പിക്കുന്ന ഗ്രന്ഥങ്ങളിൽ ഞാൻ തൃപ്തിയുള്ളവനല്ല.'' അതായത് അഹ്മദികളല്ലാത്തവരാൽ എഴുതപ്പെടുന്ന ഗ്രന്ഥങ്ങളിൽ അബദ്ധങ്ങൾ കടന്ന്കൂടിയിരിക്കുന്നു. അതിനാൽ അതിൽ പ്രതീക്ഷയില്ല. ഇക്കാര്യങ്ങൾ മുൻനിർത്തി ജപ്പാനികളുടെ മുമ്പാകെ ഇസ്ലാമിനെ സമർപ്പിക്കുക എന്നത് ഇസ്ലാമിനെ അപഹാസ്യമാക്കുക എന്നതാണ്. നാം സമർപ്പിക്കുന്നതാണ് യഥാർത്ഥ ഇസ്ലാം. അപ്പോൾ ഈ എല്ലാ കാര്യങ്ങളും ഉൾകൊള്ളുന്ന ഇത്തരത്തിലുള്ള ഒരു സമ്പൂർണ്ണ ഗ്രന്ഥം ജപ്പാനീ ഭാഷയിൽ തയ്യാറാക്കുക എന്ന ഉത്തരവാദിത്തം നമ്മിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്. മറ്റ് ലിറ്ററേച്ചറുകൾ ജപ്പാനീ ഭാഷയിൽ നമ്മുടേതായിട്ടുണ്ടെങ്കിൽ തന്നെ ഇത്തരത്തിലൊന്ന് ഇത്വരെ തയ്യാറായിട്ടില്ല. എന്തായാലും ഈ ഭാഗത്തേക്കും നമുക്ക് ശ്രദ്ധിക്കേണ്ടതുണ്ട്. എന്ന് മാത്രമല്ല അക്കാലത്ത് അവിടുന്ന് ഒരുഭാഗത്ത് പറയുകയുണ്ടായി. ''ഇനി ഇതിനായി ഏതെങ്കിലും ജപ്പാനിക്ക് 1000 രൂപ (അന്ന് ആയിരം രൂപക്ക് വലിയ മൂല്യമുണ്ടായിരുന്നു) നൽകിയിട്ടാണെങ്കിലും തർജുമ ചെയ്യിപ്പിക്കുക.'' വിശുദ്ധ ഖുർആന്റെ തർജുമ പുനഃപരിശോധന നടത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ മുബല്ലിഗ് മുകർറം സിയാവുല്ലാഹ് സാഹിബും ഒരു ജപ്പാനീ സുഹൃത്തുമാണ് ഇത് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഏകദേശം പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

ഇവിടെ ജപ്പാനെ സംബന്ധിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضي الله عنه ന്റെ ഒരു ദർശനത്തെക്കുറിച്ചും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضي الله عنه പറയുന്നു. ഇത് 1945 ലെ കാര്യമാണ്.

''സ്വപ്നത്തിൽ അറിയിക്കപ്പെട്ടു. ജപ്പാനീ സമൂഹം ഈ സമയത്ത് തിക ച്ചും മൃതാവസ്ഥയിലാണ്. അല്ലാഹു അവരുടെ ഹൃദയങ്ങളെ അഹ്മദിയ്യ ത്തിലേക്ക് ആകൃഷ്ടരാക്കുന്നതാണ്. അതായത് ആത്മീയമായി മൃതരാണ്. പതിയെപ്പതിയെ അത് ശക്തി പ്രാപിക്കുന്നതാണ്. ഇബ്രാഹിം ﷷ ന്റെ ശബ്ദത്തിന് പക്ഷികൾ ലബ്ബൈക്ക് പറഞ്ഞത്പോലെ ഇവർ എന്റെ ശബ്ദ ത്തിന് ലബ്ബൈക്ക് പറയുന്നതാണ്.'' ഇതാണ് ഈ ദർശനത്തിൽനിന്നും അവിടുന്ന് മനസ്സിലാക്കിയത്. അപ്പോൾ ഇക്കാര്യത്തിലേക്ക് ഇന്ന് കൂടു തലായി ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ഇന്നാണെങ്കിൽ അല്ലാഹു ഇത്തരത്തിലുള്ള അവസ്ഥകളും സൃഷ്ടിക്കുന്നു. സേവനത്തിനുള്ള മാർഗ്ഗങ്ങളും നമുക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്നു. തബ്ലീഗിന്റെയും അവ സരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ ഇത് കൂടുതൽ മികവാർന്ന നിലയിലും കൂടുതൽ ശ്രദ്ധയോടും ചെയ്യേണ്ടതുണ്ട്. ഇന്ന് എല്ലാ സമൂ ഹങ്ങളെയും ഉണർത്തുക എന്നത് നമ്മുടെ ബാധ്യതയാണ്.

ജപ്പാനിൽ വന്ന ഈ ഭൂകമ്പത്തെയും സുനാമിയെയുംക്കുറിച്ച് ചിലർ അഭിപ്രായപ്പെടുന്നത് ആയിരം വർഷത്തെ ചരിത്രത്തിൽ ഇത്തരമൊന്നു ണ്ടായിട്ടില്ല എന്നാണ്. ജപ്പാനാകട്ടെ ഞാൻ പറഞ്ഞത്പോലെ ലോകത്ത് ഭൂകമ്പങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന നാടാണ്. ഭൂകമ്പങ്ങളെ പ്രതിരോ ധിക്കുന്ന കെട്ടിടങ്ങളാണ് അവർ നിർമ്മിക്കുന്നതും. എന്നാൽ അല്ലാഹു വിന്റെ തഖ്ദീർ പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ അതിനെ തടയാൻ ഒ ന്നിനും സാധ്യമാവുകയില്ല. റിക്ടർ സ്കെയിലിൽ ഏഴര, എട്ട് വരെയുള്ള ഭൂകമ്പങ്ങളെ പ്രതിരോധിക്കുവാനുതകുന്ന കെട്ടിടങ്ങൾ നിർമ്മിക്കുവാ നുള്ള പ്രാപ്തിയിലേക്കെ മനുഷ്യ ബുദ്ധി എത്തിയിട്ടുള്ളു എന്നാണ് പറ യപ്പെടുന്നത്. ഇപ്പോൾ സംഭവിച്ച ഭൂകമ്പമാകട്ടെ റിക്ടർ സ്കെയിലിൽ 9 രേഖപ്പെടുത്തിയതായിരുന്നു. അതോടൊപ്പം ഞാനാദ്യം ചൂണ്ടിക്കാണി ച്ചത്പോലെ സുനാമി അതിനെ കൂടുതൽ ഭയാനകമാക്കി. അത്പോലെ ഞാൻ പുരോഗതി ആർജ്ജിച്ചുകൊണ്ടിരിക്കുന്നു എന്ന് മനുഷ്യൻ ഊറ്റം കൊള്ളുന്നു. പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ നടത്തിയിരിക്കുന്നു. ആറ്റത്തിന്റെ ഉപയോഗം. ഇത് ജപ്പാനിൽ പ്രയോജനകരമായി ഉപയോ ഗിക്കുന്നുണ്ട്. ഇവരാകട്ടെ ആറ്റംബോംബിന്റെ കടുത്ത വിരോധികളാണ്. കാരണം രണ്ടാം ലോക മഹായുദ്ധത്തിൽ അമേരിക്ക അവരിൽ ആറ്റം ബോംബ് വർഷിച്ചിരുന്നു. അതിനാൽ അതിനെതിരിൽ വലിയ പ്രതിഷേ ധവും ഭയവുമാണുള്ളത്. എന്നിരുന്നാലും ജീവിതനിലവാരം മെച്ചപ്പെടു ത്തുവാനായി അവർ അതിൽ നിന്നും പ്രയോജനമുൾക്കൊള്ളുന്നുണ്ട്. എന്നാൽ ഭൂചലനത്തിന് ശേഷം ഈ ആണവ റിയാക്ടറുകളും നാശം വിത ച്ചിരിക്കുകയാണ്. റേഡിയേഷൻ പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് ജപ്പാ നിൽനിന്ന് ഫാക്സ് വന്നിരുന്നു. ഹെലികോപ്ടറുകളും ഫയർ ബ്രിഗേഡ് മുഖേനയുമെല്ലാം പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. റിയാക്ടറുകളെ തണുപ്പിച്ച്കൊണ്ട് റേഡിയേഷൻ വ്യാപിക്കാതിരിക്കുന്ന തിനുള്ള പരിശ്രമത്തിലാണുള്ളത്. ***ഏതായാലും അല്ലാഹു കാരുണ്യം ചൊരിയുമാറാകട്ടെ. കൂടുതൽ നാശത്തിൽ നിന്നും സുരക്ഷിതരാക്കുമാ റാകട്ടെ.*** നമ്മുടെ സന്നദ്ധ സേവകർ അതുപോലെ അവിടെ വസിക്കുന്ന അഹ്മദികൾക്കും **Radium bromide -CM Carcinocin-CM** ഈ ഹോമിയോപ്പതി മരുന്ന് ഉപയോഗിക്കുക എന്ന സന്ദേശം ഞാൻ നൽകി യിരുന്നു. ഒരു ദിവസം ഒന്ന് അടുത്ത ദിവസം മറ്റൊന്ന്. ഒരാഴ്ചത്തെ ഇടവേളയിൽ ഒന്ന് അടുത്ത ആഴ്ചയിൽ രണ്ടാമത്തേത്. അതായത് രണ്ടാ ഴ്ചക്ക് ശേഷമായിരിക്കും ഒരു മരുന്ന് ആവർത്തിക്കപ്പെടുക. അത്പോലെ അവിടെ മറ്റ് ജനങ്ങൾക്കും ഇത് നൽകുക. അവിടെ ഇത് ലഭ്യമല്ലെങ്കിൽ ഇതരമരുന്നുകൾ എത്തിക്കാൻ ശ്രമിക്കുന്നതിന്റെ കൂടെ ഇതും എത്തിക്കുവാൻ ഹ്യൂമാനിറ്റി ഫെസ്റ്റ് പരിശ്രമിക്കേണ്ടതാണ്. ചുരുക്ക ത്തിൽ ഇപ്പോൾ ഭൂകമ്പവും സുനാമിയും ജപ്പാനിൽ നാശം വിതച്ചിരി ക്കുകയാണ്. കൂടെ അണുവികിരണഭീഷണിയും ഉയർന്നിരിക്കുന്നു. ഇതിന്റെ പാർശ്വഫലങ്ങളാകട്ടെ ഒരു നീണ്ടകാലം നിലനിൽക്കുകയും ചെയ്യും. ഭൂകമ്പവും സുനാമിയുമാകട്ടെ സംഭവിച്ചു. അതിനുശേഷം അത് അതോടൊപ്പം കഴിഞ്ഞു. എന്നാൽ ദൗർഭാഗ്യവശാൽ റേഡിയേഷൻ നിയ ന്ത്രണ വിധേയമായില്ലായെങ്കിൽ അതിന്റെ പരിണിതഫലം അതീവഗുരുതര മായിരിക്കും. ജന്മനാവൈകല്യങ്ങളുള്ള സന്താനങ്ങൾ ജനിച്ചുകൊണ്ടിരിക്കും. ***അല്ലാഹു ഇവരിൽ കരുണ ചൊരിയുമാറാകട്ടെ.*** തങ്ങൾ സുരക്ഷിതരാണ് എന്ന് കരുതുന്ന സമൂഹങ്ങൾ, കാലത്തിന്റെ ഇമാമിന്റെ പ്രവചനമുണ്ടായി രിക്കെ അവരാരും സുരക്ഷിതരല്ല. തങ്ങളുടെ സൃഷ്ടാവിലേക്ക് ഇനിയും ഇവർ ശ്രദ്ധയൂന്നുന്നില്ലെങ്കിൽ സർവ്വനാശം എല്ലാവരേയും അതിന്റെ കര വലയത്തിൽ അകപ്പെടുത്തുന്നതാണ്. ***അല്ലാഹുവിനെ തിരിച്ചറിയാനുള്ള തൗഫീഖ് അല്ലാഹു ഇവർക്കും പ്രദാനം ചെയ്യുമാറാകട്ടെ.***

ഈ ഭൂവിഭാഗങ്ങളിൽ ഈ വർഷം മൂന്ന് രാജ്യങ്ങൾ പ്രകൃതിദുരന്ത ങ്ങൾക്ക് ഇരയായി. ജപ്പാൻ, ആസ്ട്രേലിയ, ന്യൂസ്‌ലാന്റ്. ന്യൂസ്‌ലാന്റിൽ ഒരു പട്ടണത്തിലെ വലിയ ഒരു ഭാഗം നാമാവശേഷമായി. പറയുന്നു. 1931 ൽ ന്യൂസ്‌ലാന്റിൽ വലിയ ഭൂകമ്പം വന്ന കാരണത്താൽ രണ്ട് പട്ടണങ്ങൾ നാശോൻമുഖമായിരുന്നു. ഈ വർഷം വന്ന ഭൂകമ്പം 1931 നെ അപേ ക്ഷിച്ച് ശക്തി കുറഞ്ഞതായിരുന്നു. എന്നാൽ ഇതിലും വലിയ നാശന ഷ്ടങ്ങളാണ് ഉണ്ടായത്. 70,000 ആളുകൾ ഇത് മുഖേന ഭവനരഹിതരാ യിത്തീർന്നു. ഏകദേശം പട്ടണത്തിന്റെ 72 ശതമാനം നശിപ്പിക്കപ്പെട്ടു. അത്പോലെ ഓസ്ട്രേലിയയിൽ മഴയും കൊടുങ്കാറ്റും നാശം വിതച്ചു. ഓസ്ട്രേലിയയിൽ ഇത് മുഖേന 70 പട്ടണങ്ങളും മറ്റും നശിപ്പിക്കപ്പെട്ടു. മുഴുവൻ ക്വീൻസ്‌ലാൻഡിൽ തന്നെ ഇതിന്റെ പ്രഭാവമുണ്ടായി. ഈ ക്വീൻസ്‌ലാൻഡിന്റെ ഏരിയയാകട്ടെ ജപ്പാനെ അപേക്ഷിച്ച് 4 മടങ്ങ് അധി കമാണ്. അപ്പോൾ ഞങ്ങളുടെ പക്കൽ വലിയ ഏരിയ ഉണ്ട് അവിടേക്കോ ഇവിടേക്കോ പോയി ഞങ്ങൾ രക്ഷപ്പെടുന്നതാണ് എന്ന ധാരണയും ഇവിടെ അസ്തമിക്കുന്നു. അത്പോലെ ഓസ്ട്രേലിയയിൽ ജീവിത വിഭ വങ്ങളുടെമേൽ വലുതായ പ്രഭാവമുണ്ടായി. ഈ സ്റ്റേറ്റിൽ കൽക്കരിയുടെ വലിയ ഖനികളുണ്ട്. ഇവയിൽ 85% നും വലിയ നാശനഷ്ടമാണ് ഉണ്ടാ യത്. 2:3 ബില്ല്യൺ ഡോളർ നഷ്ടമാണ് കൽക്കരി ഖനിക്കുണ്ടായത് എന്ന് കണക്കാക്കുന്നു. മുഴുവൻ ജീവിതവിഭവങ്ങളുടെയും 30 ബില്ല്യൺ ഡോളർ നഷ്ടവും കണക്കാക്കുന്നു. അത്പോലെ അവിടെ വിക്റ്റോറി യായിൽ കൊടുങ്കാറ്റടിച്ചു. അവിടുത്തെ കാലാവസ്ഥ നിരീക്ഷണകേന്ദ്ര ത്തിന്റെ അടിസ്ഥാനത്തിൽ വിക്റ്റോറിയയിലെ ചരിത്രത്തിലെ ഏറ്റവും ഭയാനകമായ കൊടുങ്കാറ്റാണ് ഇത്. ഇതാണ് ലോകത്തിന്റെ അവസ്ഥ അപ്പോൾ ഞങ്ങൾ വലിയ വികസിതരാഷ്ട്രമാണ് എന്നുള്ള ഈ തോന്നൽ, കഴിഞ്ഞ വർഷങ്ങളിൽ അമേരിക്കയിൽ കൊടുങ്കാറ്റടിച്ചുകൊണ്ടിരുന്നു. അവിടെ എത്രപേരെ രക്ഷപ്പെടുത്താൻ അവർക്കായി? പല പട്ടണങ്ങളും നശിപ്പിക്കപ്പെട്ടു. അപ്പോൾ ഈ രാജ്യങ്ങളിലെ കൊടുങ്കാറ്റുകൾ കണ്ട് തങ്ങൾ ഇതിൽ നിന്നും സുരക്ഷിതരാണ് എന്ന് മറ്റ് രാഷ്ട്രങ്ങൾ ധരിക്കേ ണ്ട. ആ പ്രദേശങ്ങൾ അവിടെ കൊടുങ്കാറ്റ്, ഭൂകമ്പങ്ങൾ മറ്റ് പ്രകൃതിദുര ന്തങ്ങൾ ഉണ്ടാകുന്നു. തങ്ങൾ അതിൽ നിന്ന് സുരക്ഷിതരാണ് എന്ന് കരു തേണ്ട. മുഴുലോകത്തേയും ലോകസമൂഹങ്ങളെയും ഒരു കയ്യിൽ ഒരു മിച്ച് കൂട്ടുവാനാണ് അല്ലാഹു ആഗ്രഹിക്കുന്നത്. അവൻ തിരിച്ചറിയപ്പെ ടുന്നതിനായി. ഈ ഉദ്ദേശ്യലക്ഷ്യത്തിനായാണ് മസീഹ് മൗഊദ് ﷷ നെ നിയോഗിച്ചിരിക്കുന്നത്. അദ്ദേഹം പറയുന്നു. ''അല്ലാഹു ഇക്കാലത്തെ അന്ധകാരമേഘാവൃതമായും, ജനങ്ങളെ നിഷേധത്തിലും ബഹുദൈവാ രാധനയിലും മുഴുകിയതായും, ഈമാൻ, സത്യസന്ധത, തഖ്‌വ എന്നിവ അസ്തമിച്ചതായും കണ്ട്കൊണ്ട് വീണ്ടും വൈജ്ഞാനിക, പ്രാവർത്തി ക, ധാർമിക, വിശ്വാസപരമായി സത്യത്തെ ലോകത്ത് നിലനാട്ടുവാൻ എന്നെ അയച്ചിരിക്കുന്നു. അത്മുഖേന ഫിലോസഫിയുടേതും, നേച്ചരിയ്യത്തിന്റെയും, ദുർമാർഗ്ഗത്തിന്റെയും, ശിർക്കിന്റെയും,

നിരീശ്വരത്ത്വത്തിന്റെയും വസ്ത്രത്തിൽ ഈ ദൈവീകതോട്ടത്തിന് നഷ്ടം വരുത്തുവാൻ ആഗ്രഹിക്കുന്ന ആക്രമണങ്ങളെ പ്രതിരോധിക്കുവാൻ.

ചുരുക്കത്തിൽ ഇസ്‌ലാമിന്റെ സത്യസാക്ഷ്യം ഇനി മസീഹ് മൗഊദ്(അ) മുഖേനയാണ് ലോകത്ത് പ്രകടമാകേണ്ടത്. അദ്ദേഹത്തോട് ബന്ധപ്പെടുന്നത് മുഖേനയായിരിക്കും ഇത് സ്ഥാപിതമാകുക. അന്യസമൂഹങ്ങളുമായി മത്സരിച്ച് ഇസ്‌ലാമിന്റെ മഹത്ത്വം സ്ഥാപിക്കണമെന്ന് ഉദ്ദേശ്യമുണ്ടെങ്കിൽ ഈ ജരിയുല്ലാഹ് യുമായി ബന്ധം സ്ഥാപിച്ചാലാണ് സാധ്യമാവുക. മറ്റൊരു പ്രസ്ഥാനത്തിനോ ജമാഅത്തിനോ ഈ ഉദ്ദേശ്യലക്ഷ്യം നിറവേറ്റാനാവുകയില്ല. ഉമ്മത്ത് തിരുദൂതർ(സ) യുടെ ഈ മാതൃകയിൽ ചിന്തിക്കേണ്ടതാണ്. എത്തരത്തിലാണ് ഈ കാറ്റും കോളും കണ്ട് അവിടുന്ന് അസ്വസ്ഥനായിത്തീർന്നിരുന്നത്. നാം യഥാർത്ഥ രൂപത്തിൽ ആ മാതൃക അനുസരിച്ച് ചുവടുവെക്കുന്നുണ്ടോ അതിനായി പരിശ്രമിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. ഇല്ലായെങ്കിൽ ആശങ്കാകുലരാകേണ്ട സന്ദർഭമാണ്. അല്ലാഹുവാകട്ടെ നിരാശ്രയനാണ്. അവന് ആരുമായും ഒരു ബന്ധവുമില്ല. ദാസത്വത്തിന്റെ ഹഖ് പൂർത്തീകരിക്കുന്നവരുടേതാണ് അല്ലാഹു.

കഴിഞ്ഞ വർഷം പാക്കിസ്ഥാനിലുണ്ടായ വെള്ളപ്പൊക്കം രാഷ്ട്രചരിത്രത്തിലെ ഏറ്റവും ഭയാനകമായ വെള്ളപ്പൊക്കമായിരുന്നു. ഇത് അതിർത്തി മുതൽ സിന്ധ് വരെ മുഴുവൻ സംസ്ഥാനങ്ങളെയും തന്റെ കരവലയത്തിലൊതുക്കുകയുണ്ടായി. ഇത് ഇന്തോനേഷ്യയിലുണ്ടായ സുനാമിയേക്കാൾ ഭയാനകമായിരുന്നു എന്നാണ് നിരീക്ഷകർ അഭിപ്രായപ്പെടുന്നത്. ഇപ്പോഴും അവിടെ പട്ടണങ്ങളിൽ ജനങ്ങൾ ക്യാമ്പുകളിൽ കഴിഞ്ഞുകൂടുന്നു. അവരുടെ പുനരധിവാസത്തിലേക്ക് ഗവൺമെന്റിന് യാതൊരു ശ്രദ്ധയുമില്ല. അത്പോലെ ഇവരുടെ സഹാനുഭൂതിയുള്ള മുല്ലമാർക്കും യാതൊരു താൽപര്യവുമില്ല. എപ്പോഴും തന്നെ അഹ്മദികൾക്കെതിരിൽ ഇവരെ പ്രകോപിപ്പിച്ചുകൊണ്ടിരിക്കുന്നു. രാജ്യത്ത് അങ്ങോളമിങ്ങോളം അസ്വസ്ഥതകൾ പടർന്ന്പിടിച്ചിരിക്കുന്നു. എന്നിട്ടും എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് പൊതുജനത്തിന് മനസ്സിലാകുന്നില്ല. കാലത്തിന്റെ ഇമാമിനെ നിഷേധിച്ചുകൊണ്ടേ പോകുന്നു. കഴിഞ്ഞ വെള്ളപ്പൊക്ക സന്ദർഭത്തിൽ മുല്ലാക്കൾ ടി.വി. ചർച്ചകളിലും മറ്റും ജനത്തെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. ഇത് ഒരു ശിക്ഷയൊന്നുമല്ല. ഇതൊരു പരീക്ഷണം മാത്രമാണ്. പരീക്ഷണം എപ്പോഴും അല്ലാഹുവിന്റെ ആൾക്കാർക്ക് ഉണ്ടായിരിക്കൊണ്ടിരിക്കും. അതോടൊപ്പംതന്നെ **അദാബ്** എന്നത് ഒരു നബി ഉണ്ടായിരിക്കുമ്പോഴാണ്, അദ്ദേഹത്തിന്റെ വാദം നിലനിൽക്കുമ്പോഴാണ് ഉണ്ടാകുകയെന്ന് സമ്മതിക്കുകയും ചെയ്യുന്നു. നബിയില്ലാത്തതിനാൽതന്നെ ഇതിനെ **അദാബ്** എന്ന് പറയുവാനും കഴിയുകയില്ലെന്നും പറയുന്നു. എന്നാൽ വാദമുന്നയിച്ചിട്ടുള്ള ആളുടെ വാദത്തെ കേൾക്കുവാനോ പരിശോധിക്കുവാനോ തയ്യാറാകുന്നില്ല. ***അല്ലാഹു ഈ സമൂഹത്തിന്റെ മേലും കരുണ ചൊരിയുമാറാകട്ടെ.*** കുറച്ച് വർഷങ്ങൾക്ക് മുമ്പും വലിയ ഭൂകമ്പം നാശം വിതച്ചിരുന്നു. എന്നിട്ടും ഇവർക്ക് ബുദ്ധി ഉദിച്ചില്ല. ഇത്തരത്തിലുള്ള നാശങ്ങളുടെ പ്രവചനം ദൈവനിയോഗിതനായ വ്യക്തി ചെയ്തിട്ടുണ്ട് എന്ന കാര്യത്തിൽ ചിന്തിക്കാൻ തയ്യാറാകുന്നില്ല. അതിനെ ഇവർ നിഷേധിക്കുന്നു.ഞാൻ ഉദ്ധരണിയിൽ കേൾപ്പിച്ചത്പോലെ അദ്ദേഹം പറയുകയുണ്ടായി. ഈ വിപത്തുകളിൽ ചിലത് എന്റെ കാലശേഷം സംഭവിക്കുന്നതാണ്. ആയതിനാൽ ഉൾക്കാഴ്ചയുള്ളവരെന്ന് വാദിക്കുന്നവരെ! അൽപമെങ്കിലും കണ്ണ് തുറക്കുക, എന്തെങ്കിലും പാഠം ഉൾക്കൊള്ളുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) വളരെ പ്രകടമായ നിലയിൽ പറഞ്ഞിരിക്കുന്നു, മറ്റ് ഇതര രാജ്യങ്ങളിലെ ദുരന്തങ്ങൾ കണ്ട്കൊണ്ട് നിങ്ങൾ ഇതിൽനിന്ന് സുരക്ഷിതരാണെന്ന് ധരിക്കരുത്. പറഞ്ഞു.''എന്റെ പ്രവചനങ്ങൾ മുഴുലോകത്തിനുമുള്ളതാണ്. ഇതിൽനിന്ന് പഞ്ചാബ് വേറിട്ട് നിൽക്കുന്നില്ല. (ആ സമയത്ത് പഞ്ചാബിനെക്കുറിച്ച് പറഞ്ഞിരുന്നത് അവിടെ ഭൂകമ്പം സംഭവിക്കുകയില്ല എന്നായിരുന്നു) പറഞ്ഞു. പഞ്ചാബോ അല്ലെങ്കിൽ ഉപഭൂഖണ്ഡത്തിലെ മറ്റേതെങ്കിലും പ്രദേശമോ സുരക്ഷിതമല്ല. ഇനി സത്യം മറച്ച് വെക്കുന്നത് മൂലം മറഞ്ഞിരിക്കുകയില്ലെന്നദ്ദേഹം സുവ്യക്തമാക്കുകയുണ്ടായി. ആയതിനാൽ നിങ്ങൾ ചിന്തിക്കുക. അദ്ദേഹം ഒരു ഭാഗത്ത് പറയുന്ന ഉദ്ധരണി കേൾപ്പിക്കുകയാണ്.

''ഓർമ്മവെക്കുക. അല്ലാഹു എനിക്ക് പൊതുവായ ഭൂകമ്പങ്ങളെക്കുറിച്ച് അറിവ് നൽകിയിരിക്കുന്നു. അതിനാൽ നന്നായി ഓർമ്മവെക്കുക. പ്രവചനപ്രകാരം അമേരിക്കയിൽ ഭൂകമ്പം വന്നത്പോലെ യൂറോപ്പിലും വരും. അത്പോലെ ഏഷ്യയിലെ വിവിധരാജ്യങ്ങളിലും വരുന്നതാണ്. അവയിൽ ചിലത് ഖിയാമത്തിന് സമാനമായിരിക്കും. ഏത് വരെ മരണം താണ്ഡവമാടുമെന്നാൽ രക്തപ്പുഴകളൊഴുകും. ഇതിൽ നിന്ന് പക്ഷിമൃഗാദികൾ പോലും രക്ഷപ്പെടുകയില്ല. മനുഷ്യൻ ഉണ്ടായതുമുതൽ ഇത്വരെ സംഭവിക്കാത്ത സർവ്വനാശം ലോകത്ത് സംജാതമാകുന്നതാണ്. അധികഭാഗങ്ങളും അവിടെ ജനവാസം ഉണ്ടായിട്ടേയില്ല എന്ന രൂപത്തിൽ കീഴ്മേൽ മറിക്കപ്പെടുന്നതാണ്. അതോടൊപ്പംതന്നെ ആകാശീയവും ഭൗമികവുമായ ഭയാനകമായ മറ്റ് വിപത്തുകളുമുണ്ടാകും. ഏത് വരെയെന്നാൽ ബുദ്ധിമാൻമാരുടെ ദൃഷ്ടിയിൽ ഇതെല്ലാം അസാധാരണമായിത്തീരും. ഗോളശാസ്ത്രത്തിന്റെയോ, ഫിലോസഫിയുടെയോ ഗ്രന്ഥങ്ങളിൽ ഇത് സംബന്ധമായി യാതൊന്നും കാണുകയില്ല. ആ സന്ദർഭത്തിൽ മനുഷ്യഹൃദയങ്ങളിൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന അസ്വസ്ഥത ഉടലെടുക്കുന്നതാണ്. ധാരാളം പേർ രക്ഷപ്പെടുകയും ധാരാളം പേർ നശിപ്പിക്കപ്പെടുന്നതുമാണ്. ലോകം ഒരു ഖിയാമത്തിന്റെ ദൃശ്യം കാണുന്ന ദിനം അടുത്തിരിക്കുന്നു. അല്ലാ അത് പടിവാതിൽക്കലെത്തിയിരിക്കുന്നു. ഭൂകമ്പങ്ങൾ മാത്രമല്ല ഭയപ്പെടുത്തുന്ന മറ്റ് വിപത്തുകളും പ്രകടമാകുന്നതാണ്. കുറച്ച് ആകാശത്ത് നിന്നും കുറച്ച് ഭൂമിയിൽ നിന്നും. ഇതെന്തുകൊണ്ടെന്നാൽ മനുഷ്യസമൂഹം ഏകദൈവ ആരാധന വിട്ടൊഴിഞ്ഞു, തങ്ങളുടെ മുഴുവൻ ശേഷിയും ഉപയോഗിച്ചുകൊണ്ട് ഭൗതികതയിലേക്ക് ആപതിക്കുകയുണ്ടായി. ഞാൻ വന്നിട്ടില്ലായിരുന്നുവെങ്കിൽ ഈ നാശങ്ങൾ പിന്തിക്കപ്പെട്ടേനെ. എന്നാൽ എന്റെ നിയോഗത്തോടെ അല്ലാഹുവിന്റെ ഏറെ നാളുകളായി മറഞ്ഞിരിക്കുന്ന ചില ഗുപ്തമായ ഉദ്ദേശ്യങ്ങൾ പ്രകടമായി. അവൻ പറഞ്ഞത് പോലെ وَمَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا ....

പശ്ചാത്തപിക്കുന്നവർ സുരക്ഷിതരായിത്തീരുന്നതാണ്. ശിക്ഷക്ക്മുമ്പ് ഭയപ്പെടുന്നവരുടെ മേൽ കരുണചെയ്യപ്പെടുന്നതാണ്. ഇതിൽ നിന്ന് സുരക്ഷിതരായിരിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ ആസൂത്രണങ്ങൾ മുഖേന നിങ്ങളെ രക്ഷപ്പെടുത്തുവാനാകുമോ? ഒരിക്കലുമില്ല. മനുഷ്യപ്രവർത്തനങ്ങളുടെ പര്യവസാനമായിരിക്കും അന്ന്. അമേരിക്കയിലും മറ്റും ഉണ്ടായ വലിയ ഭൂകമ്പങ്ങളിൽ നിന്നും നിങ്ങൾ സുരക്ഷിതരാണ് എന്ന് ധരിക്കേണ്ട. അതിനേക്കാൾ ഭയാനകമായ ദിനങ്ങളായിരിക്കും. ഒരു പക്ഷെ നിങ്ങൾ കാണുക. ഏ യൂറോപ്പ് നീയും രക്ഷയിലല്ല, ഏ ഏഷ്യാ നീയും സുരക്ഷിതമല്ല, ഏ ദ്വീപസമൂഹങ്ങളിൽ വസിക്കുന്നവരെ ഒരു കൃത്രിമദൈവങ്ങളും നിങ്ങളെ സഹായിക്കുകയില്ല. പട്ടണങ്ങൾ മറിഞ്ഞു വീഴുന്നതായി ഞാൻ കാണുന്നു. ജനവാസ സ്ഥലങ്ങൾ വിജനമായതായി ഞാൻ കാണുന്നു. ആ ഏകനായ ദൈവം ഒരു നീണ്ടകാലം മൗനവലംബിച്ചു. അവന്റെ മുമ്പാകെ നിന്ദ്യവും നികൃഷ്ഠവുമായ പ്രവർത്തികൾ ചെയ്തുകൊണ്ടേപോയി. അവൻ മൗനം ദീക്ഷിച്ചു. എന്നാൽ ഇപ്പോൾ അവൻ രൗദ്രതയോടെ തന്റെ മുഖം പ്രദർശിപ്പിക്കുന്നതാണ്. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. അല്ലാഹുവിന്റെ തണലിൽ എല്ലാവരെയും ഒരുമിച്ചുകൂട്ടുവാൻ ഞാൻ പരിശ്രമിച്ചു. എന്നാൽ തഖ്ദീർ പൂർത്തിയാകേണ്ടത് തന്നെയാണ്. ഞാൻ സത്യം സത്യമായും പറയുന്നു. ഈ രാജ്യത്തിന്റെയും പരിണിതഫലം സമീപസ്ഥമായിക്കൊണ്ടിരിക്കുന്നു.

നൂഹിന്റെ കാലഘട്ടം നിങ്ങളുടെ കൺമുമ്പിൽ വരുന്നതാണ്. ലൂത്തിന്റെ സമൂഹത്തിൽ സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ കണ്ണുകൾകൊണ്ട് കാണുന്നതാണ്. എന്നാൽ അല്ലാഹു ശിക്ഷയിൽ ധൃതി കാണിക്കാറില്ല. നിങ്ങളുടെ മേൽ കരുണ ചെയ്യപ്പെടുന്നതിനായി തൗബ ചെയ്യുക. അല്ലാഹുവിനെ ഉപേക്ഷിക്കുന്നവൻ മനുഷ്യനല്ല കീടമാകുന്നു. അവനെ ഭയപ്പെടാത്തവൻ ജീവനുള്ളവനല്ല മറിച്ച് മൃതനാകുന്നു.

ചുരുക്കത്തിൽ ഉപഭൂഖണ്ഢങ്ങളിലെ മുസ്ലിംകളും ചിന്തിക്കേണ്ടതാണ്. അവരും സുരക്ഷിതരല്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ശക്തിയുക്തം കൂടെക്കൂടെ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അദ്ദേഹത്തിന്റെ മുന്നറിയിപ്പിൽ സഹാനുഭൂതിയുടെ ഭാഗവുമുണ്ട്. അതിനാൽ നാമും സഹാനുഭൂതിയുടെ വികാരത്തോടെ കൂടെ കൂടെ ജനങ്ങളെ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ മുസ്ലിംങ്ങളും തങ്ങളുടെ അവസ്ഥകൾ മാറ്റുക. മസീഹ് മൗഊദ് عليه السلام നെതിരിൽ തങ്ങളുടെ കുത്സിത പ്രവർത്തനങ്ങളിൽ നിന്നും വിട്ടൊഴിയുക. ബംഗ്ലാദേശിലെ മുസ്ലിംകളും തങ്ങളുടെ നാവടക്കുക. പാക്കിസ്ഥാനിലെ മുസ്ലിംകളും തങ്ങളുടെ പ്രവർത്തനങ്ങളെ വിചിന്തനം ചെയ്യുക. അവരാകട്ടെ ദുരന്തങ്ങളെ വളരെ അടുത്ത് നിന്ന് കണ്ട് കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിനെ ഭയപ്പെടുക, ദ്വീപ സമൂഹങ്ങളിൽ ഉണ്ടായ ഈ ദുരന്തങ്ങൾ, ഏതൊരവസ്ഥയിൽ കൂടിയാണ് ജപ്പാൻ ഇപ്പോൾ കടന്ന്പോയ്ക്കൊണ്ടിരിക്കുന്നത്. ഇതിൽ നിന്നെല്ലാം നാം പാഠം പഠിക്കേണ്ടതുണ്ട്. മുസ്ലിംകൾ ഈ വസ്തുതകൾ മനസ്സിലാക്കുന്നവരായിത്തീരട്ടെ. കാലത്തിന്റെ ഇമാമിന്റെ സന്ദേശത്തെ മനസ്സിലാക്കുന്നവരായിത്തീരട്ടെ. ഈ ആകാശീയവും ഭൗമികവുമായ ദുരന്തങ്ങൾ കൂടാതെ മുസ്ലിം രാജ്യങ്ങളിലെ പ്രതിസന്ധികളാകട്ടെ, അവർ അതിൽ പെട്ടുഴലുകയാണ്. ഇതും ഈ രാഷ്ട്രങ്ങൾക്കായി ഒരു പരീക്ഷണമായിത്തീർന്നിരിക്കുന്നു. പൊതുജനവും ഭരണകർത്താക്കളും പരസ്പരം രക്തദാഹികളായിത്തീർന്നിരിക്കുന്നു. മുസ്ലിംങ്ങൾ മുസ്ലിംങ്ങളുടെ ചോര ചിന്തുന്നു. ഇതിനേക്കാൾ വലിയ ദയനീതയും ദൗർഭാഗ്യതയും ഈ ഉമ്മത്തിന് ഇനി എന്ത് സംഭവിക്കാനാണ്. ഹാ! ഉമ്മത്തിന്റെ ഗുണത്തിനായി നിയോഗിക്കേണ്ടിയിരുന്ന ആളെ നിയോഗിച്ചിരിക്കുന്നു എന്നിവർക്ക് മനസ്സിലായിരുന്നെങ്കിൽ. ഇനി രക്ഷ ആഗ്രഹിക്കുന്നുവെങ്കിൽ ആ സുരക്ഷാഗേഹത്തിൽ എത്തിച്ചേരുക.

***അല്ലാഹു ഇവർക്ക് ഇതിനുള്ള തിരിച്ചറിവും തൗഫീഖും നൽകുമാറാകട്ടെ. നമ്മെയും അല്ലാഹു യഥാർത്ഥ മുസ്ലിംങ്ങളാക്കിത്തീർക്കട്ടെ. യഥാർത്ഥ സഹാനുഭൂതിയോട്കൂടി യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശവാഹകരായിത്തീർക്കട്ടെ. ആദ്യത്തേക്കാളുപരി ദുആയിൽ കൂടുതൽ വ്യാപൃതരായിത്തീരുന്നവരാക്കട്ടെ.***

ജുമുഅക്ക് വരുന്നതിന് മുമ്പായി ലഭിച്ച ഒരു ദുഃഖകരമായ വാർത്തയുണ്ട്. സാങ്കഢിൽ നമ്മുടെ ഒരു യുവാവ് ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സാങ്കഢ് ജില്ലാ സെക്രട്ടറി മാൽ ആയിരുന്ന മുഹമ്മദ് ശരീഫ് സാഹിബിന്റെ മകൻ റാണാ സഫർ സാഹിബിനെ അപരിചിതരായ രണ്ട് മോട്ടോർ സൈക്കിൾ യാത്രക്കാർ ഫയർ ചെയ്ത് ശഹീദാക്കിയിരിക്കുന്നു. اِنَّا لِلّٰهِ وَ اِنَّاۤ اِلَیۡهِ رٰجِعُوۡنَ റാണാ സാഹിബ് ഒരു ജമാഅത്തീ പ്രോഗ്രാമിന് ശേഷം തന്റെ ഭവനത്തിലേക്ക് തിരിച്ച് പോവുകയായിരുന്നു. ഗെയ്റ്റിന്സമീപത്തെത്തിയപ്പോൾ രണ്ട്പേർ വെടിയുതിർത്ത് രക്ഷപ്പെടുകയാണുണ്ടായത്. മുഖത്ത് മൂന്ന് വെടിയേറ്റു. ഫയർ ശബ്ദം കേട്ട് പുറത്തിറങ്ങിയ ചെറിയ സഹോദരൻ കാണുന്നത് ഇദ്ദേഹം വെടിയേറ്റ് നിലത്ത് കിടക്കുന്നതാണ്. വണ്ടിയിൽ നവാബ് ഷാ കൊണ്ട് പോകുന്ന മധ്യേ അദ്ദേഹം ശഹാദത്ത് പ്രാപിക്കുകയുണ്ടായി. ***അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.*** സന്തപ്തകുടുംബാംഗങ്ങളിൽ ഭാര്യയും രണ്ട് കുട്ടികളുമാണുള്ളത്. കഴിഞ്ഞ കുറച്ച് നാളുകളായി സാങ്കഢിലെ ഇത് അഞ്ചാമത്തെ ശഹാദത്താണ്. ചെറിയ ജമാഅത്താണ്. എന്നാൽ ജീവിതം സമർപ്പിക്കുന്ന കാര്യത്തിൽ വലിയ ത്യാഗം ചെയ്യുന്ന ജമാഅത്താണ്. ***അല്ലാഹു അവിടെയുള്ള അഹ്മദികളെ സുരക്ഷിതമാക്കുമാറാകട്ടെ. ശത്രുക്കളെ എളുപ്പം തന്നെ പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ ഭാര്യയുടെയും കുട്ടികളുടെയും സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ക്ഷമയും സഹനും സ്ഥൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ.*** നമസ്കാരങ്ങൾക്ക് ശേഷം ഞാൻ ഇദ്ദേഹത്തിന്റെ ജനാസ ഗായിബും നമസ്ക്കരിപ്പിക്കുന്നതാണ്.

**HADHRAT MIRZA MASROOR AHMAD**
KHALIFATUL MASIH - V
on 18- 03- 2011 at London

വിവർത്തനം
**പി.കെ. മുഹമ്മദ് ശരീഫ് സാഹിബ് കാക്കനാട്**
മുബല്ലിഗ് എറണാകുളം, **PHONE : 9946725303**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by: **Majlis Khuddamul Ahmadiyya, North Kerala**

# പ്രകൃതി ദുരന്തങ്ങളും ദൈവികശിക്ഷയും

ആകാശീയവും ഭൗമികവുമായ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഇന്ന് ഈ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള ദുരന്തം നാളെ ഏതെങ്കിലും വൈഷമ്യങ്ങളിൽ തങ്ങളെ അകപ്പെടുത്തുമോ എന്ന് ദൈവഭയമുള്ള മനുഷ്യൻ ആശങ്കപ്പെടുന്നു. തങ്ങളുടെ ഏതെങ്കിലും പ്രവർത്തനങ്ങൾ ദൈവകോപം ക്ഷണിച്ചുവരുത്തുന്നവയായിത്തീരുമോ എന്നവർ ഭയപ്പെടുന്നു. ഈ അവസ്ഥ ഒരു യഥാർത്ഥ മുഅ്മിന്നാണ് ഉണ്ടായിത്തീരുക. അത്പോലെ അല്ലാഹു നിരാശ്രയനാണ് എന്ന തിരിച്ചറിവ് പ്രാപ്യമായവർക്കാണ് ഈ അവസ്ഥ ഉണ്ടാകുക. ഇത്തരത്തിലുള്ള മുഅ്മിനീങ്ങളെക്കുറിച്ചാണ് അല്ലാഹു പറയുന്നത്. (23:58)

إِنَّ الَّذِينَ هُم مِّنْ خَشْيَةِ رَبِّهِم مُّشْفِقُونَ ۝٥٨

തങ്ങളുടെ നാഥനെക്കുറിച്ചുള്ള ഭയം നിമിത്തം വിറകൊള്ളുന്നവരായിരിക്കും. ഈ ഭയം കാരണമായി بِآيَاتِ رَبِّهِمْ يُؤْمِنُونَ തങ്ങളുടെ റബ്ബിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയുംചെയ്യുന്നു. തുടർന്നു പറയുന്നു. അവനാരേയും പങ്ക്കാരനാക്കുന്നില്ല. എല്ലാ അവസ്ഥയിലും അവരുടെ ശ്രദ്ധ അല്ലാഹുവിലേക്ക് മാത്രമാകുന്നു. അവർ ഏതെങ്കിലും ദുരന്തത്തിൽ അകപ്പെടുമ്പോൾ മാത്രം അല്ലാഹവിനെ സ്മരിക്കുകയും അതിൽനിന്ന് രക്ഷ പ്രാപിക്കുമ്പോൾ അവനെ വിസ്മരിക്കുകയും ചെയ്യുന്നവരല്ല. മറിച്ച് പ്രയാസങ്ങളിലും ബുദ്ധിമുട്ടിലും സുഖത്തിലും എന്നിങ്ങനെ സർവ്വ അവസ്ഥയിലും അവർ അല്ലാഹുവിനെ സ്മരിക്കുന്നു. അതോടൊപ്പം നന്മയിൽ മുൻകടക്കാനും പരിശ്രമിക്കുന്നു. എല്ലാ പ്രയാസങ്ങളിൽ നിന്നും വൈഷമ്യങ്ങളിൽ നിന്നും സുരക്ഷിതമാകുമ്പോഴും അല്ലാഹുവിനെ സ്മരിക്കുന്നു. അത്പോലെ ഏതെങ്കിലും വിധത്തിലുള്ള ബുദ്ധിമുട്ടിൽ അകപ്പെടുമ്പോഴോ ഏതെങ്കിലും വിധത്തിലുള്ള കാലാവസ്ഥ വ്യതിയാനമോ, ദുരന്തസൂചനയോ കാണുമ്പോൾ അവർ കൂടുതലായി അല്ലാഹുവിലേക്ക് കുനിയുകയുംചെയ്യുന്നു.

റസൂലുല്ലാഹി ﷺ നമുക്ക് പരിപൂർണ്ണ മാതൃകയാണ്. ഖിയാമത്ത്വരെയുള്ള മുഅ്മിനീങ്ങൾക്ക് സമ്പൂർണ്ണ മാതൃകയാണ്. ഇത്തരത്തിലുള്ള അവസ്ഥ സംജാതമാകുമ്പോൾ എത്തരത്തിലായിരുന്നു അവിടുന്ന് പ്രവർത്തിച്ചിരുന്നത്. ഇത് സംബന്ധമായി ഹദ്റത്ത് ആയിശ رضي الله عنها യിൽ നിന്ന് നിവേദനമുണ്ട്, പറയുന്നു. "ശക്തിയായ കാറ്റ് വീശുമ്പോൾ അവിടുന്ന് ഇപ്രകാരം ദുആ ചെയ്യാറുണ്ടായിരുന്നു. അല്ലാഹുവേ ഇതിൽ അടങ്ങിയിരിക്കുന്ന ബാഹ്യവും ആന്തരികവുമായ എല്ലാ നൻമകളും ഞാൻ കാംക്ഷിക്കുന്നു. ഇതിലെ ബാഹ്യവും ആന്തരികവുമായ എല്ലാ ശർറിൽനിന്നും ഞാൻ അഭയം തേടുന്നു." ആയിശ رضي الله عنها വീണ്ടും പറയുന്നു. "ആകാശം മേഘാവൃതമായാൽ തിരുദൂതരുടെ മുഖം വിവർണ്ണമാകുമായിരുന്നു. ഇടക്ക് വീട്ടിലേക്ക് പ്രവേശിക്കും. ചിലപ്പോൾ പുറത്തേക്കിറങ്ങും. അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തിക്കൊണ്ടിരിക്കും. മഴ പെയ്ത്തുടങ്ങിയാൽ അസ്വസ്ഥത അവസാനിക്കുമായിരുന്നു. അവിടുത്തെ തിരുമുഖത്ത്നിന്ന് ഞാനിത് മനസ്സിലാക്കുമായിരുന്നു. ഒരിക്കൽ ഞാൻ തിരുദൂതരോട് ഈ അസ്വസ്ഥതയുടെ കാരണം ആരാഞ്ഞു. അവിടുന്ന് അരുൾചെയ്തു. ഏ ആയിശ! ഇത് ആദിന്റെ സമൂഹത്തിൽ ശിക്ഷ കൊണ്ട് വന്ന മേഘത്തെപോലെയാണെങ്കിലോ? ആദ് സമൂഹത്തെക്കുറിച്ച് അല്ലാഹു പറയുന്നു. മേഘം തങ്ങളുടെ പ്രദേശത്തേക്ക് വരുന്നത് കണ്ട് അവർ പറഞ്ഞു. ഇത് തങ്ങളിൽ മഴ വർഷിക്കുന്നതാണ്. എന്നാൽ അത് ശിക്ഷയുമായാണ് വന്നത്." അപ്പോൾ ഇതാണ് പരിപൂർണ്ണവിധേയത്വത്തിന്റെയും ഭയത്തിന്റെയും പ്രകടനം. അദ്ദേഹത്തോടാകട്ടെ സകല പ്രയാസങ്ങളിൽ നിന്നും രക്ഷപ്പെടുത്തുമെന്നുള്ള എണ്ണമറ്റ വാഗ്ദാനങ്ങളാണ് അല്ലാഹു ചെയ്തിട്ടുള്ളത്. അതോടൊപ്പം പുരോഗതിയുടേയും വിജയത്തിന്റെയും വാഗ്ദാനങ്ങളുമുണ്ട്. തിരുദൂതരുടെ കാലഘട്ടത്തിൽ ഒരു വിധത്തിലുള്ള ദുരന്തങ്ങളും മുസ്‌ലിംങ്ങളുടെ മേലുണ്ടാവുകയില്ല എന്ന വസ്തുതയും അവിടുത്തേക്ക് അറിയാമായിരുന്നു. എന്ന് മാത്രമല്ല അവിടുത്തെ ബർക്കത്ത് കാരണമായി മറ്റുള്ളവരും രക്ഷപ്പെട്ടിരുന്നു. ഒരു ദജ്ജാലിന്റെയും ദജൽ പ്രവർത്തിക്കുമായിരുന്നില്ല. ഈ കൊടുങ്കാറ്റുകളും മറ്റും വരുമ്പോൾ ഇത് തിരുദൂതർക്ക് അനുഗുണമായിട്ടായിരിക്കും വരിക എന്നും അവിടുത്തേക്കറിയാമായിരുന്നു. ബദർ യുദ്ധത്തിലാകട്ടെ ഖന്തക്കിലാകട്ടെ ഈ കൊടുങ്കാറ്റുകളെല്ലാം ശത്രുക്കളുടെ നാശത്തിനും നിന്ദ്യതക്കും തന്നെ കാരണമായിത്തീരുകയാണുണ്ടായത്. എന്നിരുന്നിട്ടും അവിടുന്ന് ചിന്താകുലനാകുന്നു. ഈ ആകാശീയദുരന്തങ്ങൾ കാരണമായി ഇക്കൂട്ടർ ഭൂമുഖത്ത്നിന്ന് ഉൻമൂലനം ചെയ്യപ്പെടുമോ എന്ന ആശങ്കയായിരുന്നു അങ്ങയെ ഭരിച്ചിരുന്നത്. സൃഷ്ടികൾക്കായി **റഹ്മത്തുൽലിൽ ആലമീ**ന്റെ ഹൃത്തടത്തിൽ അലയടിച്ചിരുന്ന കാരുണ്യത്തിന്റെ ഫലമായിട്ടായിരുന്നു ഈ പ്രകടനം. ഹ: ആയിശ رضي الله عنها നിവേദനത്തിൽ പറയുന്നത്പോലെ അദ്ദേഹത്തിന്റെ മുഖം ഈ അസ്വസ്ഥത കാരണമായി വിവർണ്ണമായിത്തീരുമായിരുന്നു. അല്ലാഹു നിരാശ്രയനാണ് എന്ന കാരണത്താലും ചിലരുടെ അഹങ്കാരവും അല്ലാഹുവിന്റെ ഖുദ്റത്തിനെ ശരിയായി തിരിച്ചറിയാത്തതുമായ കാരണത്താൽ മുഴുസമൂഹവും നാശത്തിലകപ്പെടുമോ എന്ന ആശങ്കയുമായിരുന്നു. സൂറ ഹൂദിനെ സംബന്ധിച്ച് അവിടുന്ന് ഒരു ഭാഗത്ത് പറയുകയുണ്ടായി. ഇതെന്നെ വൃദ്ധനാക്കിക്കളഞ്ഞു എന്ന്. സമൂഹങ്ങളുടെ നാശങ്ങളെ സംബന്ധിച്ച് ഇതിൽ പരാമർശിക്കുന്നു. അല്ലാഹുവിന്റെ സന്ദേശത്തെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കിയിരുന്ന തിരുദൂതർ ﷺ അദ്ദേഹത്തേക്കാളുപരി ആർക്കും തന്നെ അത് ഗ്രഹിക്കുവാൻ സാധിക്കുകയില്ല. ഉമ്മത്ത് എപ്പോഴും സത്പാന്ഥാവിൽ ചരിച്ചുകൊണ്ടിരിക്കുക എന്നത് തന്റെ ഉത്തരവാദിത്വമായി മനസ്സിലാക്കി. അല്ലാഹു പറയുന്നു.

فَاسْتَقِمْ كَمَا أُمِرْتَ وَمَن تَابَ مَعَكَ وَلَا تَطْغَوْا

അതിനാൽ നീയും നിന്നോടൊപ്പം (അല്ലാഹുവിങ്കലേക്ക്) തിരിഞ്ഞവരും നിന്നോട് ശാസിക്കപ്പെട്ട പ്രകാരം (നേർവഴിയിൽ) ഉറച്ച് നിൽക്കുക. നിങ്ങൾ (പരിധികൾ) ലംഘിക്കരുത്. (11:113) അതിര് ലംഘിക്കാതിരിക്കുവാൻ മുഅ്മിനീങ്ങളാണ് കൽപ്പിക്കപ്പെട്ടിരിക്കുന്നത്. അതിർലംഘനം എന്നത് ദൈവകോപത്തെ ക്ഷണിച്ചുവരുത്തുന്നതാണ്. ചുരുക്കത്തിൽ മുഅ്മിനീങ്ങളുടെ തൗബ യഥാർത്ഥ തൗബയായിരിക്കണം എന്ന ചിന്തയായിരുന്നു തിരുദൂതർക്കുണ്ടായിരുന്നത്. കാറ്റും മേഘവുംകണ്ട് അവിടുന്ന് അസ്വസ്ഥനാകുവാനുള്ള കാരണം വിശ്വാസികളുടെ പ്രവർത്തന വൈകല്യങ്ങൾ ഏതെങ്കിലും ദുരന്തങ്ങളെ ക്ഷണിച്ചുവരുത്തുന്നതാകുമോ എന്നതുമായിരുന്നു. ഇവിടെ മുഅ്മിനീങ്ങളോട് നിർദ്ദേശിച്ചിരിക്കുന്നത്, ഒരു പ്രാവശ്യം തൗബ ചെയ്തുവെങ്കിൽ നിങ്ങളുടെ മുമ്പാകെയുള്ള സമ്പൂർണ്ണ മാതൃകയെ നിങ്ങൾ അനുധാവനം ചെയ്യുക. അതല്ലെങ്കിൽ അല്ലാഹു നിരാശ്രയനാണ് എന്ന സംഗതി ഓർമ്മവെക്കുക. ദുരന്തങ്ങൾ കാണുമ്പോൾ ദൈവത്തെ ഓർക്കുകയും അത് വിദൂരപ്പെട്ടാൽ പഴയ അവസ്ഥയിലേക്ക് തിരിച്ചുപോകുന്നവരുമായ ആളുകളെപ്പോലെ

നിങ്ങൾ ആകരുത് എന്ന കൽപ്പനയും മുഅ്മിനീങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്നു. ഒരു മുഅ്മിന്റെ തൗബ യഥാർത്ഥ തൗബയാണ്. അത് സ്ഥിരതയാർന്ന തൗബയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ ഉദാഹരണം നൽകിക്കൊണ്ട് ഒരു ഭാഗത്ത് പറയുന്നു.

وَإِذَا غَشِيَهُم مَّوْجٌ كَالظُّلَلِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ فَمِنْهُم مُّقْتَصِدٌ وَمَا يَجْحَدُ بِآيَاتِنَا إِلَّا كُلُّ خَتَّارٍ كَفُورٍ ﴿٣٣﴾

മേഘങ്ങൾപോലെയുള്ള തിരമാലകൾ അവരെ മൂടിയാൽ ആരാധന അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവർ അവനെ വിളിച്ച് പ്രാർത്ഥിക്കുന്നു. എന്നിട്ട് അവരെ കരയിലേക്ക് അവൻ രക്ഷപ്പെടുത്തിയാൽ അവരിൽ ചിലർ മിതത്ത്വം പാലിക്കുന്നവരായിരിക്കും. (ചിലർ പൂർവ്വസ്ഥിതിയിൽ തന്നെ ബഹുദൈവവിശ്വാസികളായിത്തീരുന്നു.) മഹാ വഞ്ചകനും വളരെ നന്ദികെട്ടവനുമല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ മറ്റാരും നിഷേധിക്കുകയില്ല.(31:33)

ചുരുക്കത്തിൽ യഥാർത്ഥ വിശ്വാസിയുടെ വിളി പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ദൂരീകരിക്കപ്പെടുമ്പോഴും അല്ലാഹ് അല്ലാഹ് എന്ന് തന്നെയായിരിക്കും. എന്നാൽ വാഗ്ദാനലംഘകരും നന്ദിയില്ലാത്തവരും അല്ലാഹുവിനെ വിസ്മരിച്ച് കളയുന്നു. തങ്ങളുടെ മുൻകാല ദ്രോഹത്തിന്റേയും ശിർക്കിന്റെയും കുറ്റകൃത്യത്തിന്റെയും ലോകത്തേക്ക് തിരിച്ചുപോകുന്നു. ഇതാണ് നാം കണ്ട്കൊണ്ടിരിക്കുന്നത്. വൈഷമ്യത്തിന്റെയും ബുദ്ധിമുട്ടിന്റേതുമായ സന്ദർഭത്തിൽ ദൈവസന്നിധിയിൽ വീഴുന്നു എന്ന അവസ്ഥക്കും ഉപരിയായിട്ടുള്ളവരാണ് യഥാർത്ഥ മുഅ്മിനീങ്ങൾ. തങ്ങളിൽ വന്ന്ചേരുന്ന മുസീബത്തുകൾ മാത്രമല്ല അവരെ ഈമാനിൽ സുദൃഢതരമാക്കുന്നത്. മറിച്ച് നാം തിരുദൂതർ ﷺ യുടെ പ്രവർത്തനമാതൃകയിൽ കണ്ടത്പോലെ ഇതരസമൂഹങ്ങളുടെ പര്യവസാനവും അവരെ അസ്വസ്ഥരാക്കുന്നു.- അത് ഭൂതകാലത്തെ സംഭവങ്ങളാകട്ടെ ഇന്ന് വർത്തമാനകാലഘട്ടത്തിൽ നമ്മുടെ മുമ്പാകെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളാകട്ടെ- മുൻകഴിഞ്ഞ സമൂഹങ്ങളുടെ പര്യവസാനം ദൈവഭയം ഉളവാക്കുന്നവയാണെങ്കിൽ ഞാൻ പറഞ്ഞത്പോലെ നമ്മുടെ മുമ്പാകെ ഇതര സമൂഹങ്ങൾ നാശത്തിന് പാത്രമായിത്തീരുന്നത് ഒരു മുഅ്മിനെ എത്രമാത്രം ഭയപ്പെടുത്തുന്നതും, ദൈവസവിധത്തിൽ കുനിയുന്നതും അവനിൽ നിന്ന് മാർഗ്ഗദർശനം തേടുന്നതും ആക്കിത്തീർക്കണം. എന്നാൽ ഈ ലോകം ഇത് ഗ്രഹിക്കുന്നില്ല. ഈ കാലാവാസ്ഥാ വ്യതിയാനവും, ആകാശീയവും ഭൗമികവുമായ ദുരന്തങ്ങളും പ്രകൃതിനിയമത്തിൻ കീഴിൽ വരുന്നതാണ്. കുറച്ച് ഇടവേളകൾക്ക് ശേഷം ഇവ സംഭവിക്കേണ്ടതുണ്ട് എന്ന് ബഹുഭൂരിഭാഗം ആളുകളും കരുതുന്നു. ഇത് സാധാരണഗതിയിലുള്ള സംഗതികളാണെന്നവർ ധരിക്കുന്നു. ഇന്നത്തെ വിദ്യാസമ്പന്നരായ ആളുകളെ അവരുടെ വിദ്യ അല്ലാഹുവിന്റെ ഖുദ്റത്തുകളെ സംബന്ധിച്ച് ഭയമില്ലാത്തവരാക്കിത്തീർത്തിരിക്കുന്നു. ദുരന്തങ്ങൾ പ്രകൃതിനിയമത്തിൻ കീഴിൽ വരുന്നതാണ് എന്നത് ശരിതന്നെയാണ്. ഭൂകമ്പങ്ങൾ വരുമ്പോൾ ഭൂമിയുടെ ഗർത്തത്തിലുള്ള പ്ലേറ്റുകളിലുണ്ടാകുന്ന വ്യതിയാനങ്ങൾ ഭൂകമ്പങ്ങൾക്ക് കാരണമാകുന്നു എന്നതും ശരിയാണ്. ന്യൂസിലാന്റ്, ജപ്പാൻ തുടങ്ങിയ ദ്വീപ സമൂഹങ്ങൾ ഈ ഭൂകമ്പ സാധ്യതയുള്ള പ്ലേറ്റിന് മുകളിലാണ് സ്ഥിതി ചെയ്യുന്നത്. ഈ ഭൂപ്രദേശങ്ങളിൽ ഭൂകമ്പങ്ങൾ കൂടുതലായി സംഭവിക്കുന്നു എന്നതും ശരിതന്നെയാണ്. എന്നാൽ ഇക്കാലഘട്ടത്തിൽ ദൈവനിയോഗിതനായ ദൈവത്തിന്റെ ഏതെങ്കിലും വരിഷ്ഠദാസൻ തന്റെ വാദത്തിന്റെ സത്യതയിലേക്ക് ഏതെങ്കിലും ഭൂകമ്പത്തിന്റെ പ്രവചനം ചെയ്തിട്ടുണ്ടോ എന്നതും പരിശോധനാവിധേയമാക്കേണ്ടതാണ്.

കുറെ മുമ്പാണ്, ഘാനയിൽ മുബല്ലിഗായിരുന്ന മൗലാന അസീം ബശീർ സാഹിബ് അഹ്മദിയ്യത്ത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വാദം സംബന്ധമായി തബ്ലീഗ് ചർച്ച നടത്തുകയായിരുന്നു. അവിടെ ഘാനയിൽ അപ്പോൾ ഉലമാക്കളും മറ്റനവധി ആളുകളും പറയാൻ തുടങ്ങി. മസീഹ് മൗഊദ് ആഗതനാകുവാനുള്ള അടയാളം ഭൂകമ്പങ്ങളാണ്. താങ്കളുടെ വാദം ശരിയാണ് എങ്കിൽ ഞങ്ങളുടെ രാജ്യത്ത് ഭൂകമ്പത്തിന്റെ അടയാളം കാണിച്ച് തരിക. ഘാനയാകട്ടെ പൊതുവെ ഭൂകമ്പങ്ങൾ വരാത്ത പ്രദേശമാണ്. അങ്ങിനെ അദ്ദേഹം ദുആ ചെയ്തു. തത്ഫലമായി അവിടെ ഭൂകമ്പമുണ്ടായി. ഇത് കാരണം ജനങ്ങളിൽ ഒരസ്വസ്ഥത ഉടലെടുക്കുകയും ധാരാളം ആളുകൾ ക്രിസ്തുമതത്തിൽ നിന്നും മുസ്ലിംകളിൽ നിന്നും അഹ്മദിയ്യത്ത് ആശ്ലേഷിക്കുകയുണ്ടായി. അംഗീകരിക്കാത്തവർ അംഗീകരിക്കുകയില്ല. ചുരുക്കത്തിൽ അവിടെ ഭൂകമ്പത്തിന്റെ ഈ അടയാളം വിഖ്യാതമാകുകയുണ്ടായി. ഈ ഭൂകമ്പങ്ങളേയും മറ്റ് വിപത്തുകളേയും തന്റെ വാദത്തോട് ചേർത്ത് എപ്രകാരമാണ് പറഞ്ഞിരിക്കുന്നത്. ദുരന്തങ്ങളേയും ഭൂകമ്പങ്ങളേയും മറ്റും സംബന്ധിച്ച് അല്ലാഹുവിൽ നിന്ന് അറിവ് കരഗതമാക്കി ഏതെല്ലാം പ്രവചനങ്ങളാണ് അദ്ദേഹം ചെയ്തിരിക്കുന്നത് എന്ന് നോക്കുക. ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു. ''ദുരന്തങ്ങളെക്കുറിച്ച് എനിക്ക് നൽകപ്പെട്ട കാര്യങ്ങൾ ഇതാണ്. എല്ലാഭാഗത്തും മരണം വല വീശുന്നതാണ്. ഭൂകമ്പങ്ങൾ വരും കാഠിന്യത്തോടെ വരും. അവ ഖിയാമത്തിന്റെ അടയാളമായിരിക്കും. ഭൂമിയെ കീഴ്മേൽ മറിക്കുന്നതാണ്. ഒരുപാട് പേരുടെ ജീവിതം ദുരിതപൂർണ്ണമായിത്തീരുന്നതാണ്. തൗബ ചെയ്യുകയും തങ്ങളുടെ പാപങ്ങളെ വിട്ടൊഴിയുകയും ചെയ്യുന്നവരുടെ മേൽ അല്ലാഹു കരുണ ചൊരിയുന്നതാണ്. ഇക്കാലഘട്ടത്തെക്കുറിച്ച് മുൻകാലനബിമാർ പ്രവചനം ചെയ്തിട്ടുള്ള എല്ലാം തന്നെ പൂർത്തിയാവേണ്ടതുണ്ട്. എന്നാൽ തങ്ങളുടെ ഹൃദയങ്ങളെ സംശുദ്ധമാക്കുന്നവരും ദൈവാഭീഷ്ടത്തിന്റെ മാർഗ്ഗങ്ങൾ കരഗതമാക്കുകയും ചെയ്യുന്നവർക്ക് യാതൊരു ഭയമോ വ്യസനമോ ഉണ്ടായിരിക്കുകയില്ല. അല്ലാഹു എന്നെ സംബോധന ചെയ്തു കൊണ്ട് പറഞ്ഞു. നീ എന്റെ പക്കൽനിന്നുള്ള താക്കീത്കാരനാകുന്നു. കുറ്റവാളി സൽക്കർമ്മിയിൽ നിന്നും വ്യതിരിക്തമായിത്തീരുവാൻ ഞാൻ നിന്നെ നിയോഗിച്ചിരിക്കുന്നു.'' പറഞ്ഞു. ''ലോകത്ത് ഒരു താക്കീത്കാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല എന്നാൽ ദൈവം അദ്ദേഹത്തെ സ്വീകരിക്കുകയും അതി ശക്തിമത്തായ ആക്രമങ്ങൾ മുഖേന അദ്ദേഹത്തിന്റെ സത്യതയെ ലോകത്ത് നിലനാട്ടുന്നതാണ്. ഞാൻ നിനക്ക് അനുഗ്രഹങ്ങളുടെ മേൽ അനുഗ്രഹം ചൊരിയുന്നതാണ്. ഏത് വരെയെന്നാൽ രാജാക്കൻമാർപോലും നിന്റെ വസ്ത്രത്തിൽ നിന്നും അനുഗ്രഹം തേടുന്നതാണ്.'' പറയുന്നു. ''ഭൂകമ്പങ്ങളുടെ അടിസ്ഥാനത്തിൽ ഇനി ഒരു വലിയ ഭൂകമ്പം ഉണ്ടാകുമെന്നെനിക്ക് വാർത്ത് നാൽകപ്പെട്ടിരിക്കുന്നു. ശേഷം വസന്തം വന്നു. ദൈവത്തിന്റെ വചനം വീണ്ടും പൂർത്തിയായി. അതിനാൽ ഇനി ഭയാനകമായ ഒരു ഭൂകമ്പം വരേണ്ടതുണ്ട്. എന്നാൽ സച്ചരിതർ അതിൽ സുരക്ഷിതരായിരിക്കും. അതിനാൽ രക്ഷപ്പെടുവാനായി സച്ചരിതരായിത്തീരുക. തഖ്വ സ്വായത്തമാക്കുക. അന്നത്തെ ദിവസം ഭയചകിതരാകാതിരിക്കുവാൻ ഇന്ന് ദൈവത്തെ ഭയപ്പെടുക. തീർച്ചയായും ആകാശം ചിലത് പ്രകടമാക്കുന്നതാണ്. ഭൂമിയും ചിലത് കാണിക്കുന്നതാണ്. എന്നാൽ ദൈവത്തെ ഭയപ്പെടുന്നവർ രക്ഷിക്കപ്പെടുന്നതാണ്.'' പറഞ്ഞു. ''ദൈവത്തിന്റെ വചനം എന്നോട് പറയുന്നത് ഒരുപാട് സംഭവങ്ങൾ ഉണ്ടാകും. ധാരാളം വിപത്തുകൾ ഇറങ്ങും. അവയിൽ ചിലത് എന്റെ ജീവിതത്തിൽ പ്രകടമാകും ചിലത് എനിക്ക് ശേഷവും. അവൻ ഈ പ്രസ്ഥാനത്തിന് പൂർണ്ണ പുരോഗതി നൽകുന്നതാണ്. കുറച്ച് എന്റെ കാലത്തും കുറച്ച് എനിക്ക് ശേഷവും.''

അപ്പോൾ ഇതാണ് അദ്ദേഹത്തിന്റെ വാദം. ഇതിന് മുമ്പ് കഴിഞ്ഞ വർഷമാണെന്ന് തോന്നുന്നു ഇത് സംബന്ധമായി ഞാൻ പറഞ്ഞിരുന്നു. അതായത് കഴിഞ്ഞ നൂറ് വർഷത്തിനുള്ളിൽ സംഭവിച്ചിട്ടുള്ള ഭൂകമ്പങ്ങൾ

ഇതിന് മുമ്പ് റിക്കാർഡ് ചെയ്യപ്പെട്ടിട്ടില്ല. ചെറുതായിട്ടുള്ളവയല്ല. വലിയ വലിയ മുൻകാല ദുരന്തങ്ങൾ റിക്കാർഡ് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അവ ഈ നൂറ് വർഷത്തിൽ സംഭവിച്ചിട്ടുള്ളത്ര ആകുന്നില്ല. അല്ലാഹു ഈ അടയാളം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടെക്കൂടെ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. അതിനാൽതന്നെ ഈ താക്കീതിനെ കൂടെക്കൂടെ നമ്മുടെ മുമ്പാകെ വെക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. അത് മുഖേന നമ്മുടെ ഈമാനെ സുദൃഢമാക്കുവാനും ഈ സന്ദേശത്തെ ലോകത്തിലേക്ക് എത്തിക്കുന്നതിന്റെ ഉത്തരവാദിത്തം നിർവ്വഹിക്കുന്നവരുമായിത്തീരുവാനും. ഏതൊരു സന്ദേശവുമായാണോ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ആഗതനായത്. അവിടുന്ന് വളരെ വ്യക്തമായിപ്പറഞ്ഞത് എന്റെ ദൃഷ്ടാന്തങ്ങൾ എനിക്ക് ശേഷവും പ്രകടമായിക്കൊണ്ടിരിക്കുമെന്നാണ്. അപ്പോൾ എത്ര ശക്തമായ രീതിയിലാണ് അദ്ദേഹം ലോകത്തിന്റെ ശ്രദ്ധയെ ഈ ഭാഗത്തേക്ക് ക്ഷണിക്കുന്നത്. നാമും ഇത് സംബന്ധമായി ലോകരെ ഉണർത്തേണ്ടതുണ്ട്.

കഴിഞ്ഞ വാരം ജപ്പാനിൽ അതിശക്തമായ ഭൂചലനം ഉണ്ടായി. കൂടെതന്നെ സുനാമിയും. ഇത് ചില പട്ടണങ്ങളെ തുടച്ചുനീക്കുകയുണ്ടായി. ഭൂചലനത്തിൽ നാശോന്മുഖമായ പട്ടണങ്ങൾ ജലപ്രവാഹത്തിൽ ഒലിച്ചുപോയി. നമ്മുടെ അവിടെയുള്ള അഹ്മദികളുടെ ടീം ദുരന്തബാധിതരെ സഹായിക്കുവാനായി പോയി. വഴിമദ്ധ്യേ അവരുടെ ഫോൺ വന്നു. ''ഞങ്ങൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്ന ഈ ഭാഗത്ത് ഒരു പട്ടണമുണ്ടായിരുന്നു. പതിനഞ്ച്, ഇരുപതിനായിരം വരുന്ന ജനവിഭാഗമുള്ള പ്രദേശമായിരുന്നു. ഇപ്പോൾ ഞങ്ങൾ അതിലൂടെയാണ് കടന്ന്പോയ്ക്കൊണ്ടിരിക്കുന്നത് എന്നാൽ ഇപ്പോൾ ഇവിടെ ഈ പട്ടണത്തിൽ ഒന്നുംതന്നെ അവശേഷിക്കുന്നില്ല. വഴികൾതന്നെ പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. വഴികൾപോകട്ടെ വലിയവലിയ കെട്ടിടങ്ങൾതന്നെ ഒഴുകിപ്പോയി.''

ചുരുക്കത്തിൽ ഇത് വലിയ ഭയപ്പെടേണ്ട സന്ദർഭമാണ്. എന്നാൽ ഈ ഭയത്തോടൊപ്പം നാം നമ്മുടെ യജമാനൻ صلى الله عليه وسلم യുടെ മാതൃക പിൻപറ്റിക്കൊണ്ട് ദുആയും ചെയ്യേണ്ടതുണ്ട്. ***അല്ലാഹു ലോകത്തിന് സത്യം മനസ്സിലാക്കാനുള്ള തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.*** അങ്ങിനെ ദുരന്തങ്ങളിൽ നിന്നും അവർ രക്ഷിക്കപ്പെടുവാൻ. ഈ ദുരന്തങ്ങളിൽപെട്ട് നാശോന്മുഖരാകുന്നതിനുപകരം അല്ലാഹു അവരുടെ ഹൃദങ്ങളെ തുറക്കുമാറാകാൻ. അതോടൊപ്പംതന്നെ ഈ സന്ദേശം എത്തിക്കേണ്ടതിന്റെയും ആവശ്യകതയുണ്ട്. ജപ്പാനികളെ സംബന്ധിച്ചാകട്ടെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് ശുഭപ്രതീക്ഷയാണുള്ളത്. ഈ സന്ദേശം അവരിലേക്കെത്തിക്കുവാനുള്ള അദമ്യമായ ആഗ്രഹവും അദ്ദേഹത്തിനുണ്ടായിരുന്നു. അപ്പോൾ ഈ ദുരന്തങ്ങൾ അവിടെ വരുമ്പോൾ അവർക്കായി സുവാർത്തകളുമുണ്ട്. അതായത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഈ പ്രതീക്ഷക്കനുസൃതമായി അല്ലാഹുവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെ മനസ്സിലാക്കുവാൻ ശ്രമിക്കുകയാണെങ്കിൽ അവർ രക്ഷിക്കപ്പെടുന്നതാണ്. അതിനാൽ നാമും ഈ ഭാഗത്തേക്ക് ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. അവിടെ ചെറിയ ജമാഅത്താണുള്ളത്. എന്നാൽ ഉള്ളവർ തങ്ങളുടെ സർവ്വശക്തിയും സമാഹരിച്ച് ഇതിനായി പരിശ്രമിക്കേണ്ടതാണ്. കഴിയുന്നത്ര ഈ സന്ദേശത്തെ എത്തിക്കുക. പ്രത്യേകിച്ച് ഈ സന്ദർഭത്തിൽ ഹിക്മത്തോടുകൂടി സന്ദേശപ്രചാരണം നടത്തുകയും അതോടൊപ്പം സൃഷ്ടിസേവനരംഗത്തും മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുക. സൃഷ്ടിസേവനം ഈ ഭാഗത്ത് ഞാൻ പറഞ്ഞത്പോലെ നമ്മുടെ സഹോദരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഭക്ഷണ പദാർത്ഥങ്ങൾ എത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇസ്ലാമിന്റെ മനോഹര അദ്ധ്യാപനങ്ങൾ അവർ മനസ്സിലാക്കുന്നവരായിത്തീരുവാൻ ഈ ബന്ധങ്ങളെ സ്ഥായിയാക്കിമാറ്റേണ്ടതിന്റെ ആവശ്യകതയുണ്ട്. ജപ്പാൻ തങ്ങളുടെ പാരമ്പര്യ ഷിൻതോ മതത്തിൽ അഭിമാനിക്കുന്നവരാണ്. അതിലാണ് അവരുടെ ശ്രദ്ധയുള്ളത്. അത്പോലെ അവരിൽ ബുദ്ധമതക്കാരുമുണ്ട്. ചില ഗവേഷകൻമാരുടെ നിഗമനത്തിൽ രണ്ട് മതത്തേയും സമന്വയിപ്പിച്ച്കൊണ്ടാണ് അവർ മുന്നോട്ട്പോകുന്നത്. വിവാഹസന്ദർഭങ്ങളിൽ ഷിൻതോ മതത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോൾ മരണവേളകളിൽ ബുദ്ധമതത്തിന്റെ അടിസ്ഥാനത്തിൽ ആചാരങ്ങൾ നടത്തുന്നു.

എന്റെ ഒരു നല്ല ജപ്പാനീ സുഹൃത്തുണ്ട്. അദ്ദേഹം ഊഷ്മളമായ ബന്ധമാണ് ജമാഅത്തിനോട് പുലർത്തുന്നത്. സർക്കാരുദ്യോഗസ്ഥനൊന്നുമല്ലെങ്കിലും ഭരണതലങ്ങളിൽ നല്ല സ്വാധീനമുള്ള വ്യക്തിത്വമാണ്. സംസാരമദ്ധ്യേ അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി ഞങ്ങളുടെ ഷിൻതോ മതം കാരണമായി ജപ്പാനികൾ ഇസ്ലാമിലേക്ക് ശ്രദ്ധിക്കുന്നതല്ല. ഞാനദ്ദേഹത്തോട് പറഞ്ഞത് അതിൽ ധാരാളം ധാർമ്മിക ഗുണങ്ങളൊക്കെയുണ്ട്. എന്നിരുന്നാലും ഇസ്ലാമിലേക്ക് ഒരുനാൾ ഇവർക്ക് വരേണ്ടിവരും. ഇവരുടെ അടിസ്ഥാനഗുണങ്ങളെ പരാമർശിക്കുകയാണെങ്കിൽ ഞാൻ പറഞ്ഞതുപോലെ ഷിൻതോ വളരെ നല്ല ധാർമ്മികാദ്ധ്യാപനങ്ങൾ നൽകുന്നുണ്ട്. എന്നല്ല ഇസ്ലാമിന്റെ ഉന്നതമായ മൂല്യങ്ങളെ അവർ സ്വാംശീകരിച്ചിരിക്കുന്നതായാണ് മനസ്സിലാകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇസ്ലാമിന്റെ സന്ദേശം ജപ്പാനിലേക്കെത്തിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നു. ജപ്പാനിൽ ജനങ്ങൾക്ക് ഇസ്ലാമിലേക്ക് ശ്രദ്ധയുണ്ടായിരിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു എന്നദ്ദേഹം ഒരു മജ്ലിസിൽ പറയുകയുമുണ്ടായിട്ടുണ്ട്. ''അതിനായി ഇസ്ലാമിക അദ്ധ്യാപനങ്ങൾ പൂർണ്ണമായി വിവരിക്കുന്ന, ഇസ്ലാമിന്റെ സമ്പൂർണ്ണരൂപം ഉൾകൊള്ളുന്ന, ഏത്പോലെയെന്നാൽ മനുഷ്യൻ ഒരാളുടെ പൂർണ്ണരൂപം ആപാദചൂഢം വിവരിക്കുന്നുവോ ഇപ്രകാരം ഇസ്ലാമിന്റെ വിവരണം ഉൾകൊള്ളുന്ന, ഈ അദ്ധ്യാപനങ്ങളുടെ പ്രയോജനവും ഫലങ്ങളും എല്ലാം വിശദമാക്കുന്ന ഒരു ഗ്രന്ഥം തയ്യാറാക്കേണ്ടതുണ്ട്, ഇതിൽ ധാർമ്മികഗുണങ്ങൾ വേറെ വിവരിക്കുക, കൂടെ ഇതര മതങ്ങളുമായുള്ള താരമതമ്യവും ഉൾപ്പെടുത്തി അവയുമായി മത്സരിക്കുക.''പറഞ്ഞു. ''ഇസ്ലാം എന്താണ് എന്ന കാര്യത്തിൽ അവർ തികച്ചും അജ്ഞരാണ്. മറ്റുള്ളവർ ഇസ്ലാമിന്റേതായി എഴുതി സമർപ്പിക്കുന്ന ഗ്രന്ഥങ്ങളിൽ ഞാൻ തൃപ്തിയുള്ളവനല്ല.'' അതായത് അഹ്മദികളല്ലാത്തവരാൽ എഴുതപ്പെടുന്ന ഗ്രന്ഥങ്ങളിൽ അബദ്ധങ്ങൾ കടന്ന്കൂടിയിരിക്കുന്നു. അതിനാൽ അതിൽ പ്രതീക്ഷയില്ല. ഇക്കാര്യങ്ങൾ മുൻനിർത്തി ജപ്പാനികളുടെ മുമ്പാകെ ഇസ്ലാമിനെ സമർപ്പിക്കുക എന്നത് ഇസ്ലാമിനെ അപഹാസ്യമാക്കുക എന്നതാണ്. നാം സമർപ്പിക്കുന്നതാണ് യഥാർത്ഥ ഇസ്ലാം. അപ്പോൾ ഈ എല്ലാ കാര്യങ്ങളും ഉൾകൊള്ളുന്ന ഇത്തരത്തിലുള്ള ഒരു സമ്പൂർണ്ണ ഗ്രന്ഥം ജപ്പാനീ ഭാഷയിൽ തയ്യാറാക്കുക എന്ന ഉത്തരവാദിത്തം നമ്മിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്. മറ്റ് ലിറ്ററേച്ചറുകൾ ജപ്പാനീ ഭാഷയിൽ നമ്മുടേതായിട്ടുണ്ടെങ്കിൽ തന്നെ ഇത്തരത്തിലൊന്ന് ഇത്വരെ തയ്യാറായിട്ടില്ല. എന്തായാലും ഈ ഭാഗത്തേക്കും നമുക്ക് ശ്രദ്ധിക്കേണ്ടതുണ്ട്. എന്ന് മാത്രമല്ല അക്കാലത്ത് അവിടുന്ന് ഒരുഭാഗത്ത് പറയുകയുണ്ടായി. ''ഇനി ഇതിനായി ഏതെങ്കിലും ജപ്പാനിക്ക് 1000 രൂപ (അന്ന് ആയിരം രൂപക്ക് വലിയ മൂല്യമുണ്ടായിരുന്നു) നൽകിയിട്ടാണെങ്കിലും തർജുമ ചെയ്യിപ്പിക്കുക.'' വിശുദ്ധ ഖുർആന്റെ തർജുമ പുനഃപരിശോധന നടത്തിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ മുബല്ലിഗ് മുകർറം സിയാവുല്ലാഹ് സാഹിബും ഒരു ജപ്പാനീ സുഹൃത്തുമാണ് ഇത് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഏകദേശം പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

ഇവിടെ ജപ്പാനെ സംബന്ധിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضي الله عنه ന്റെ ഒരു ദർശനത്തെക്കുറിച്ചും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ് رضي الله عنه പറയുന്നു. ഇത് 1945 ലെ കാര്യമാണ്.

''സ്വപ്നത്തിൽ അറിയിക്കപ്പെട്ടു. ജപ്പാനീ സമൂഹം ഈ സമയത്ത് തികച്ചും മൃതാവസ്ഥയിലാണ്. അല്ലാഹു അവരുടെ ഹൃദയങ്ങളെ അഹ്മദിയ്യത്തിലേക്ക് ആകൃഷ്ടരാക്കുന്നതാണ്. അതായത് ആത്മീയമായി മൃതരാണ്. പതിയെപ്പതിയെ അത് ശക്തി പ്രാപിക്കുന്നതാണ്. ഇബ്രാഹിം (അ) ന്റെ ശബ്ദത്തിന് പക്ഷികൾ ലബ്ബൈക്ക് പറഞ്ഞത്പോലെ ഇവർ എന്റെ ശബ്ദത്തിന് ലബ്ബൈക്ക് പറയുന്നതാണ്.'' ഇതാണ് ഈ ദർശനത്തിൽനിന്നും അവിടുന്ന് മനസ്സിലാക്കിയത്. അപ്പോൾ ഇക്കാര്യത്തിലേക്ക് ഇന്ന് കൂടുതലായി ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ഇന്നാണെങ്കിൽ അല്ലാഹു ഇത്തരത്തിലുള്ള അവസ്ഥകളും സൃഷ്ടിക്കുന്നു. സേവനത്തിനുള്ള മാർഗ്ഗങ്ങളും നമുക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്നു. തബ്ലീഗിന്റെയും അവസരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ ഇത് കൂടുതൽ മികവാർന്ന നിലയിലും കൂടുതൽ ശ്രദ്ധയോടും ചെയ്യേണ്ടതുണ്ട്. ഇന്ന് എല്ലാ സമൂഹങ്ങളെയും ഉണർത്തുക എന്നത് നമ്മുടെ ബാധ്യതയാണ്.

ജപ്പാനിൽ വന്ന ഈ ഭൂകമ്പത്തെയും സുനാമിയെയുംക്കുറിച്ച് ചിലർ അഭിപ്രായപ്പെടുന്നത് ആയിരം വർഷത്തെ ചരിത്രത്തിൽ ഇത്തരമൊന്നുണ്ടായിട്ടില്ല എന്നാണ്. ജപ്പാനാകട്ടെ ഞാൻ പറഞ്ഞത്പോലെ ലോകത്ത് ഭൂകമ്പങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന നാടാണ്. ഭൂകമ്പങ്ങളെ പ്രതിരോധിക്കുന്ന കെട്ടിടങ്ങളാണ് അവർ നിർമ്മിക്കുന്നതും. എന്നാൽ അല്ലാഹുവിന്റെ തഖ്ദീർ പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ അതിനെ തടയാൻ ഒന്നിനും സാധ്യമാവുകയില്ല. റിക്ടർ സ്കെയിലിൽ ഏഴര, എട്ട് വരെയുള്ള ഭൂകമ്പങ്ങളെ പ്രതിരോധിക്കുവാനുതകുന്ന കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള പ്രാപ്തിയിലേക്കെ മനുഷ്യ ബുദ്ധി എത്തിയിട്ടുള്ളു എന്നാണ് പറയപ്പെടുന്നത്. ഇപ്പോൾ സംഭവിച്ച ഭൂകമ്പമാകട്ടെ റിക്ടർ സ്കെയിലിൽ 9 രേഖപ്പെടുത്തിയതായിരുന്നു. അതോടൊപ്പം ഞാനാദ്യം ചൂണ്ടിക്കാണിച്ചത്പോലെ സുനാമി അതിനെ കൂടുതൽ ഭയാനകമാക്കി. അത്പോലെ ഞാൻ പുരോഗതി ആർജ്ജിച്ചുകൊണ്ടിരിക്കുന്നു എന്ന് മനുഷ്യൻ ഊറ്റം കൊള്ളുന്നു. പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ നടത്തിയിരിക്കുന്നു. ആറ്റത്തിന്റെ ഉപയോഗം. ഇത് ജപ്പാനിൽ പ്രയോജനകരമായി ഉപയോഗിക്കുന്നുണ്ട്. ഇവരാകട്ടെ ആറ്റംബോംബിന്റെ കടുത്ത വിരോധികളാണ്. കാരണം രണ്ടാം ലോക മഹായുദ്ധത്തിൽ അമേരിക്ക അവരിൽ ആറ്റം ബോംബ് വർഷിച്ചിരുന്നു. അതിനാൽ അതിനെതിരിൽ വലിയ പ്രതിഷേധവും ഭയവുമാണുള്ളത്. എന്നിരുന്നാലും ജീവിതനിലവാരം മെച്ചപ്പെടുത്തുവാനായി അവർ അതിൽ നിന്നും പ്രയോജനമുൾക്കൊള്ളുന്നുണ്ട്. എന്നാൽ ഭൂചലനത്തിന് ശേഷം ഈ ആണവ റിയാക്ടറുകളും നാശം വിതച്ചിരിക്കുകയാണ്. റേഡിയേഷൻ പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് ജപ്പാനിൽനിന്ന് ഫാക്സ് വന്നിരുന്നു. ഹെലികോപ്ടറുകളും ഫയർ ബ്രിഗേഡ് മുഖേനയുമെല്ലാം പ്രതിരോധ പ്രവർത്തനങ്ങൾ നടന്ന്കൊണ്ടിരിക്കുന്നു. റിയാക്ടറുകളെ തണുപ്പിച്ച്കൊണ്ട് റേഡിയേഷൻ വ്യാപിക്കാതിരിക്കുന്നതിനുള്ള പരിശ്രമത്തിലാണുള്ളത്. ***ഏതായാലും അല്ലാഹു കാരുണ്യം ചൊരിയുമാറാകട്ടെ. കൂടുതൽ നാശത്തിൽ നിന്നും സുരക്ഷിതരാക്കുമാറാകട്ടെ.*** നമ്മുടെ സന്നദ്ധ സേവകർ അതുപോലെ അവിടെ വസിക്കുന്ന അഹ്മദികൾക്കും **Radium bromide -CM Carcinocin-CM** ഈ ഹോമിയോപ്പതി മരുന്ന് ഉപയോഗിക്കുക എന്ന സന്ദേശം ഞാൻ നൽകിയിരുന്നു. ഒരു ദിവസം ഒന്ന് അടുത്ത ദിവസം മറ്റൊന്ന്. ഒരാഴ്ചത്തെ ഇടവേളയിൽ ഒന്ന് അടുത്ത ആഴ്ചയിൽ രണ്ടാമത്തേത്. അതായത് രണ്ടാഴ്ചക്ക് ശേഷമായിരിക്കും ഒരു മരുന്ന് ആവർത്തിക്കപ്പെടുക. അത്പോലെ അവിടെ മറ്റ് ജനങ്ങൾക്കും ഇത് നൽകുക. അവിടെ ഇത് ലഭ്യമല്ലെങ്കിൽ ഇതരമരുന്നുകൾ എത്തിക്കാൻ ശ്രമിക്കുന്നതിന്റെ കൂടെ ഇതും എത്തിക്കുവാൻ ഹ്യൂമാനിറ്റി ഫെസ്റ്റ് പരിശ്രമിക്കേണ്ടതാണ്. ചുരുക്കത്തിൽ ഇപ്പോൾ ഭൂകമ്പവും സുനാമിയും ജപ്പാനിൽ നാശം വിതച്ചിരിക്കുകയാണ്. കൂടെ അണുവികിരണഭീഷണിയും ഉയർന്നിരിക്കുന്നു. ഇതിന്റെ പാർശ്വഫലങ്ങളാകട്ടെ ഒരു നീണ്ടകാലം നിലനിൽക്കുകയും ചെയ്യും. ഭൂകമ്പവും സുനാമിയുമാകട്ടെ സംഭവിച്ചു. അതിനുശേഷം അത് അതോടൊപ്പം കഴിഞ്ഞു. എന്നാൽ ദൗർഭാഗ്യവശാൽ റേഡിയേഷൻ നിയന്ത്രണ വിധേയമായില്ലായെങ്കിൽ അതിന്റെ പരിണിതഫലം അതീവഗുരുതരമായിരിക്കും. ജന്മനാവൈകല്യങ്ങളുള്ള സന്താനങ്ങൾ ജനിച്ചുകൊണ്ടിരിക്കും. ***അല്ലാഹു ഇവരിൽ കരുണ ചൊരിയുമാറാകട്ടെ.*** തങ്ങൾ സുരക്ഷിതരാണ് എന്ന് കരുതുന്ന സമൂഹങ്ങൾ, കാലത്തിന്റെ ഇമാമിന്റെ പ്രവചനമുണ്ടായിരിക്കെ അവരാരും സുരക്ഷിതരല്ല. തങ്ങളുടെ സൃഷ്ടാവിലേക്ക് ഇനിയും ഇവർ ശ്രദ്ധയൂന്നുന്നില്ലെങ്കിൽ സർവ്വനാശം എല്ലാവരേയും അതിന്റെ കരവലയത്തിൽ അകപ്പെടുത്തുന്നതാണ്. ***അല്ലാഹുവിനെ തിരിച്ചറിയാനുള്ള തൗഫീഖ് അല്ലാഹു ഇവർക്കും പ്രദാനം ചെയ്യുമാറാകട്ടെ.***

ഈ ഭൂവിഭാഗങ്ങളിൽ ഈ വർഷം മൂന്ന് രാജ്യങ്ങൾ പ്രകൃതിദുരന്തങ്ങൾക്ക് ഇരയായി. ജപ്പാൻ, ആസ്ട്രേലിയ, ന്യൂസ്ലാന്റ്. ന്യൂസ്ലാന്റിൽ ഒരു പട്ടണത്തിലെ വലിയ ഒരു ഭാഗം നാമാവശേഷമായി. പറയുന്നു. 1931 ൽ ന്യൂസ്ലാന്റിൽ വലിയ ഭൂകമ്പം വന്ന കാരണത്താൽ രണ്ട് പട്ടണങ്ങൾ നാശോൻമുഖമായിരുന്നു. ഈ വർഷം വന്ന ഭൂകമ്പം 1931 നെ അപേക്ഷിച്ച് ശക്തി കുറഞ്ഞതായിരുന്നു. എന്നാൽ ഇതിലും വലിയ നാശനഷ്ടങ്ങളാണ് ഉണ്ടായത്. 70,000 ആളുകൾ ഇത് മുഖേന ഭവനരഹിതരായിത്തീർന്നു. ഏകദേശം പട്ടണത്തിന്റെ 72 ശതമാനം നശിപ്പിക്കപ്പെട്ടു. അത്പോലെ ഓസ്ട്രേലിയയിൽ മഴയും കൊടുങ്കാറ്റും നാശം വിതച്ചു. ഓസ്ട്രേലിയയിൽ ഇത് മുഖേന 70 പട്ടണങ്ങളും മറ്റും നശിപ്പിക്കപ്പെട്ടു. മുഴുവൻ ക്വീൻസ്ലാൻഡിൽ തന്നെ ഇതിന്റെ പ്രഭാവമുണ്ടായി. ഈ ക്വീൻസ്ലാൻഡിന്റെ ഏരിയയാകട്ടെ ജപ്പാനെ അപേക്ഷിച്ച് 4 മടങ്ങ് അധികമാണ്. അപ്പോൾ ഞങ്ങളുടെ പക്കൽ വലിയ ഏരിയ ഉണ്ട് അവിടേക്കോ ഇവിടേക്കോ പോയി ഞങ്ങൾ രക്ഷപ്പെടുന്നതാണ് എന്ന ധാരണയും ഇവിടെ അസ്തമിക്കുന്നു. അത്പോലെ ഓസ്ട്രേലിയയിൽ ജീവിത വിഭവങ്ങളുടെമേൽ വലുതായ പ്രഭാവമുണ്ടായി. ഈ സ്റ്റേറ്റിൽ കൽക്കരിയുടെ വലിയ ഖനികളുണ്ട്. ഇവയിൽ 85% നും വലിയ നാശനഷ്ടമാണ് ഉണ്ടായത്. 2:3 ബില്ല്യൺ ഡോളർ നഷ്ടമാണ് കൽക്കരി ഖനിക്കുണ്ടായത് എന്ന് കണക്കാക്കുന്നു. മുഴുവൻ ജീവിതവിഭവങ്ങളുടെയും 30 ബില്ല്യൺ ഡോളർ നഷ്ടവും കണക്കാക്കുന്നു. അത്പോലെ അവിടെ വിക്റ്റോറിയായിൽ കൊടുങ്കാറ്റടിച്ചു. അവിടുത്തെ കാലാവസ്ഥ നിരീക്ഷണകേന്ദ്രത്തിന്റെ അടിസ്ഥാനത്തിൽ വിക്റ്റോറിയയിലെ ചരിത്രത്തിലെ ഏറ്റവും ഭയാനകമായ കൊടുങ്കാറ്റാണ് ഇത്. ഇതാണ് ലോകത്തിന്റെ അവസ്ഥ അപ്പോൾ ഞങ്ങൾ വലിയ വികസിതരാഷ്ട്രമാണ് എന്നുള്ള ഈ തോന്നൽ, കഴിഞ്ഞ വർഷങ്ങളിൽ അമേരിക്കയിൽ കൊടുങ്കാറ്റടിച്ചുകൊണ്ടിരുന്നു. അവിടെ എത്രപേരെ രക്ഷപ്പെടുത്താൻ അവർക്കായി? പല പട്ടണങ്ങളും നശിപ്പിക്കപ്പെട്ടു. അപ്പോൾ ഈ രാജ്യങ്ങളിലെ കൊടുങ്കാറ്റുകൾ കണ്ട് തങ്ങൾ ഇതിൽ നിന്നും സുരക്ഷിതരാണ് എന്ന് മറ്റ് രാഷ്ട്രങ്ങൾ ധരിക്കേണ്ട. ആ പ്രദേശങ്ങൾ അവിടെ കൊടുങ്കാറ്റ്, ഭൂകമ്പങ്ങൾ മറ്റ് പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുന്നു. തങ്ങൾ അതിൽ നിന്ന് സുരക്ഷിതരാണ് എന്ന് കരുതേണ്ട. മുഴുലോകത്തേയും ലോകസമൂഹങ്ങളെയും ഒരു കയ്യിൽ ഒരുമിച്ച് കൂട്ടുവാനാണ് അല്ലാഹു ആഗ്രഹിക്കുന്നത്. അവൻ തിരിച്ചറിയപ്പെടുന്നതിനായി. ഈ ഉദ്ദേശ്യലക്ഷ്യത്തിനായാണ് മസീഹ് മൗഊദ് (അ) നെ നിയോഗിച്ചിരിക്കുന്നത്. അദ്ദേഹം പറയുന്നു. ''അല്ലാഹു ഇക്കാലത്തെ അന്ധകാരമേഘാവൃതമായും, ജനങ്ങളെ നിഷേധത്തിലും ബഹുദൈവാരാധനയിലും മുഴുകിയതായും, ഈമാൻ, സത്യസന്ധത, തഖ്വ എന്നിവ അസ്തമിച്ചതായും കണ്ട്കൊണ്ട് വീണ്ടും വൈജ്ഞാനിക, പ്രാവർത്തിക, ധാർമിക, വിശ്വാസപരമായി സത്യത്തെ ലോകത്ത് നിലനാട്ടുവാൻ എന്നെ അയച്ചിരിക്കുന്നു. അത്മുഖേന ഫിലോസഫിയുടേതും, നേച്ചരിയ്യത്തിന്റെയും, ദുർമാർഗ്ഗത്തിന്റെയും, ശിർക്കിന്റെയും,

നിരീശ്വരത്ത്വത്തിന്റെയും വസ്ത്രത്തിൽ ഈ ദൈവീകതോട്ടത്തിന് നഷ്ടം വരുത്തുവാൻ ആഗ്രഹിക്കുന്ന ആക്രമണങ്ങളെ പ്രതിരോധിക്കുവാൻ.

ചുരുക്കത്തിൽ ഇസ്‌ലാമിന്റെ സത്യസാക്ഷ്യം ഇനി മസീഹ് മൗഊദ് عليه السلام മുഖേനയാണ് ലോകത്ത് പ്രകടമാകേണ്ടത്. അദ്ദേഹത്തോട് ബന്ധപ്പെടുന്നത് മുഖേനയായിരിക്കും ഇത് സ്ഥാപിതമാകുക. അന്യസമൂഹങ്ങളുമായി മത്സരിച്ച് ഇസ്‌ലാമിന്റെ മഹത്ത്വം സ്ഥാപിക്കണമെന്ന് ഉദ്ദേശ്യമുണ്ടെങ്കിൽ ഈ ജരിയുല്ലാഹ് യുമായി ബന്ധം സ്ഥാപിച്ചാലാണ് സാധ്യമാവുക. മറ്റൊരു പ്രസ്ഥാനത്തിനോ ജമാഅത്തിനോ ഈ ഉദ്ദേശ്യലക്ഷ്യം നിറവേറ്റാനാവുകയില്ല. ഉമ്മത്ത് തിരുദൂതർ ﷺ യുടെ ഈ മാതൃകയിൽ ചിന്തിക്കേണ്ടതാണ്. എത്തരത്തിലാണ് ഈ കാറ്റും കോളും കണ്ട് അവിടുന്ന് അസ്വസ്ഥനായിത്തീർന്നിരുന്നത്. നാം യഥാർത്ഥ രൂപത്തിൽ ആ മാതൃക അനുസരിച്ച് ചുവടുവെക്കുന്നുണ്ടോ അതിനായി പരിശ്രമിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. ഇല്ലായെങ്കിൽ ആശങ്കാകുലരാകേണ്ട സന്ദർഭമാണ്. അല്ലാഹുവാകട്ടെ നിരാശ്രയനാണ്. അവന് ആരുമായും ഒരു ബന്ധവുമില്ല. ദാസത്വത്തിന്റെ ഹഖ് പൂർത്തീകരിക്കുന്നവരുടേതാണ് അല്ലാഹു.

കഴിഞ്ഞ വർഷം പാകിസ്ഥാനിലുണ്ടായ വെള്ളപ്പൊക്കം രാഷ്ട്രചരിത്രത്തിലെ ഏറ്റവും ഭയാനകമായ വെള്ളപ്പൊക്കമായിരുന്നു. ഇത് അതിർത്തി മുതൽ സിന്ധ് വരെ മുഴുവൻ സംസ്ഥാനങ്ങളെയും തന്റെ കരവലയത്തിലൊതുക്കുകയുണ്ടായി. ഇത് ഇന്തോനേഷ്യയിലുണ്ടായ സുനാമിയേക്കാൾ ഭയാനകമായിരുന്നു എന്നാണ് നിരീക്ഷകർ അഭിപ്രായപ്പെടുന്നത്. ഇപ്പോഴും അവിടെ പട്ടണങ്ങളിൽ ജനങ്ങൾ ക്യാമ്പുകളിൽ കഴിഞ്ഞുകൂടുന്നു. അവരുടെ പുനരധിവാസത്തിലേക്ക് ഗവൺമെന്റിന് യാതൊരു ശ്രദ്ധയുമില്ല. അത്പോലെ ഇവരുടെ സഹാനുഭൂതിയുള്ള മുല്ലമാർക്കും യാതൊരു താൽപര്യവുമില്ല. എപ്പോഴും തന്നെ അഹ്മദികൾക്കെതിരിൽ ഇവരെ പ്രകോപിപ്പിച്ചുകൊണ്ടിരിക്കുന്നു. രാജ്യത്ത് അങ്ങോളമിങ്ങോളം അസ്വസ്ഥതകൾ പടർന്ന്പിടിച്ചിരിക്കുന്നു. എന്നിട്ടും എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് പൊതുജനത്തിന് മനസ്സിലാകുന്നില്ല. കാലത്തിന്റെ ഇമാമിനെ നിഷേധിച്ചുകൊണ്ടേ പോകുന്നു. കഴിഞ്ഞ വെള്ളപ്പൊക്ക സന്ദർഭത്തിൽ മുല്ലാക്കൾ ടി.വി. ചർച്ചകളിലും മറ്റും ജനത്തെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. ഇത് ഒരു ശിക്ഷയൊന്നുമല്ല. ഇതൊരു പരീക്ഷണം മാത്രമാണ്. പരീക്ഷണം എപ്പോഴും അല്ലാഹുവിന്റെ ആൾക്കാർക്ക് ഉണ്ടായിരിക്കൊണ്ടിരിക്കും. അതോടൊപ്പംതന്നെ **അദാബ്** എന്നത് ഒരു നബി ഉണ്ടായിരിക്കുമ്പോഴാണ്, അദ്ദേഹത്തിന്റെ വാദം നിലനിൽക്കുമ്പോഴാണ് ഉണ്ടാകുകയെന്ന് സമ്മതിക്കുകയും ചെയ്യുന്നു. നബിയില്ലാത്തതിനാൽതന്നെ ഇതിനെ **അദാബ്** എന്ന് പറയുവാനും കഴിയുകയില്ലെന്നും പറയുന്നു. എന്നാൽ വാദമുന്നയിച്ചിട്ടുള്ള ആളുടെ വാദത്തെ കേൾക്കുവാനോ പരിശോധിക്കുവാനോ തയ്യാറാകുന്നില്ല. ***അല്ലാഹു ഈ സമൂഹത്തിന്റെ മേലും കരുണ ചൊരിയുമാറാകട്ടെ.*** കുറച്ച് വർഷങ്ങൾക്ക് മുമ്പും വലിയ ഭൂകമ്പം നാശം വിതച്ചിരുന്നു. എന്നിട്ടും ഇവർക്ക് ബുദ്ധി ഉദിച്ചില്ല. ഇത്തരത്തിലുള്ള നാശങ്ങളുടെ പ്രവചനം ദൈവനിയോഗിതനായ വ്യക്തി ചെയ്തിട്ടുണ്ട് എന്ന കാര്യത്തിൽ ചിന്തിക്കാൻ തയ്യാറാകുന്നില്ല. അതിനെ ഇവർ നിഷേധിക്കുന്നു.ഞാൻ ഉദ്ധരണിയിൽ കേൾപ്പിച്ചത്പോലെ അദ്ദേഹം പറയുകയുണ്ടായി. ഈ വിപത്തുകളിൽ ചിലത് എന്റെ കാലശേഷം സംഭവിക്കുന്നതാണ്. ആയതിനാൽ ഉൾക്കാഴ്ചയുള്ളവരെന്ന് വാദിക്കുന്നവരെ! അൽപമെങ്കിലും കണ്ണ് തുറക്കുക, എന്തെങ്കിലും പാഠം ഉൾക്കൊള്ളുക. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വളരെ പ്രകടമായ നിലയിൽ പറഞ്ഞിരിക്കുന്നു, മറ്റ് ഇതര രാജ്യങ്ങളിലെ ദുരന്തങ്ങൾ കണ്ട്കൊണ്ട് നിങ്ങൾ ഇതിൽനിന്ന് സുരക്ഷിതരാണെന്ന് ധരിക്കരുത്. പറഞ്ഞു.‘‘എന്റെ പ്രവചനങ്ങൾ മുഴുലോകത്തിനുമുള്ളതാണ്. ഇതിൽനിന്ന് പഞ്ചാബ് വേറിട്ട് നിൽക്കുന്നില്ല. (ആ സമയത്ത് പഞ്ചാബിനെക്കുറിച്ച് പറഞ്ഞിരുന്നത് അവിടെ ഭൂകമ്പം സംഭവിക്കുകയില്ല എന്നായിരുന്നു) പറഞ്ഞു. പഞ്ചാബോ അല്ലെങ്കിൽ ഉപഭൂഖണ്ഡത്തിലെ മറ്റേതെങ്കിലും പ്രദേശമോ സുരക്ഷിതമല്ല. ഇനി സത്യം മറച്ച് വെക്കുന്നത് മൂലം മറഞ്ഞിരിക്കുകയില്ലെന്നദ്ദേഹം സുവ്യക്തമാക്കുകയുണ്ടായി. ആയതിനാൽ നിങ്ങൾ ചിന്തിക്കുക. അദ്ദേഹം ഒരു ഭാഗത്ത് പറയുന്ന ഉദ്ധരണി കേൾപ്പിക്കുകയാണ്.

‘‘ഓർമ്മവെക്കുക. അല്ലാഹു എനിക്ക് പൊതുവായ ഭൂകമ്പങ്ങളെക്കുറിച്ച് അറിവ് നൽകിയിരിക്കുന്നു. അതിനാൽ നന്നായി ഓർമ്മവെക്കുക. പ്രവചനപ്രകാരം അമേരിക്കയിൽ ഭൂകമ്പം വന്നത്പോലെ യൂറോപ്പിലും വരും. അത്പോലെ ഏഷ്യയിലെ വിവിധരാജ്യങ്ങളിലും വരുന്നതാണ്. അവയിൽ ചിലത് ഖിയാമത്തിന് സമാനമായിരിക്കും. ഏത് വരെ മരണം താണ്ഡവമാടുമെന്നാൽ രക്തപ്പുഴകളൊഴുകും. ഇതിൽ നിന്ന് പക്ഷിമൃഗാദികൾ പോലും രക്ഷപ്പെടുകയില്ല. മനുഷ്യൻ ഉണ്ടായതുമുതൽ ഇത്വരെ സംഭവിക്കാത്ത സർവ്വനാശം ലോകത്ത് സംജാതമാകുന്നതാണ്. അധികഭാഗങ്ങളും അവിടെ ജനവാസം ഉണ്ടായിട്ടേയില്ല എന്ന രൂപത്തിൽ കീഴ്മേൽ മറിക്കപ്പെടുന്നതാണ്. അതോടൊപ്പംതന്നെ ആകാശീയവും ഭൗമികവുമായ ഭയാനകമായ മറ്റ് വിപത്തുകളുമുണ്ടാകും. ഏത് വരെയെന്നാൽ ബുദ്ധിമാൻമാരുടെ ദൃഷ്ടിയിൽ ഇതെല്ലാം അസാധാരണമായിത്തീരും. ഗോളശാസ്ത്രത്തിന്റെയോ, ഫിലോസഫിയുടെയോ ഗ്രന്ഥങ്ങളിൽ ഇത് സംബന്ധമായി യാതൊന്നും കാണുകയില്ല. ആ സന്ദർഭത്തിൽ മനുഷ്യഹൃദയങ്ങളിൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന അസ്വസ്ഥത ഉടലെടുക്കുന്നതാണ്. ധാരാളം പേർ രക്ഷപ്പെടുകയും ധാരാളം പേർ നശിപ്പിക്കപ്പെടുന്നതുമാണ്. ലോകം ഒരു ഖിയാമത്തിന്റെ ദൃശ്യം കാണുന്ന ദിനം അടുത്തിരിക്കുന്നു. അല്ലാ അത് പടിവാതിൽക്കലെത്തിയിരിക്കുന്നു. ഭൂകമ്പങ്ങൾ മാത്രമല്ല ഭയപ്പെടുത്തുന്ന മറ്റ് വിപത്തുകളും പ്രകടമാകുന്നതാണ്. കുറച്ച് ആകാശത്ത് നിന്നും കുറച്ച് ഭൂമിയിൽ നിന്നും. ഇതെന്തുകൊണ്ടെന്നാൽ മനുഷ്യസമൂഹം ഏകദൈവ ആരാധന വിട്ടൊഴിഞ്ഞു, തങ്ങളുടെ മുഴുവൻ ശേഷിയും ഉപയോഗിച്ചുകൊണ്ട് ഭൗതികതയിലേക്ക് ആപതിക്കുകയുണ്ടായി. ഞാൻ വന്നിട്ടില്ലായിരുന്നുവെങ്കിൽ ഈ നാശങ്ങൾ പിന്തിക്കപ്പെട്ടേനെ. എന്നാൽ എന്റെ നിയോഗത്തോടെ അല്ലാഹുവിന്റെ ഏറെ നാളുകളായി മറഞ്ഞിരിക്കുന്ന ചില ഗുപ്തമായ ഉദ്ദേശ്യങ്ങൾ പ്രകടമായി. അവൻ പറഞ്ഞത് പോലെ وَمَا كُنَّا مُعَذِّبِيْنَ حَتّٰى نَبْعَثَ رَسُوْلًا ....

പശ്ചാത്തപിക്കുന്നവർ സുരക്ഷിതരായിത്തീരുന്നതാണ്. ശിക്ഷക്ക്മുമ്പ് ഭയപ്പെടുന്നവരുടെ മേൽ കരുണചെയ്യപ്പെടുന്നതാണ്. ഇതിൽ നിന്ന് സുരക്ഷിതരായിരിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ ആസൂത്രണങ്ങൾ മുഖേന നിങ്ങളെ രക്ഷപ്പെടുത്തുവാനാകുമോ? ഒരിക്കലുമില്ല. മനുഷ്യപ്രവർത്തനങ്ങളുടെ പര്യവസാനമായിരിക്കും അന്ന്. അമേരിക്കയിലും മറ്റും ഉണ്ടായ വലിയ ഭൂകമ്പങ്ങളിൽ നിന്നും നിങ്ങൾ സുരക്ഷിതരാണ് എന്ന് ധരിക്കേണ്ട. അതിനേക്കാൾ ഭയാനകമായ ദിനങ്ങളായിരിക്കും. ഒരു പക്ഷെ നിങ്ങൾ കാണുക. ഏ യൂറോപ്പ് നീയും രക്ഷയിലല്ല, ഏ ഏഷ്യാ നീയും സുരക്ഷിതമല്ല, ഏ ദ്വീപസമൂഹങ്ങളിൽ വസിക്കുന്നവരെ ഒരു കൃത്രിമദൈവങ്ങളും നിങ്ങളെ സഹായിക്കുകയില്ല. പട്ടണങ്ങൾ മറിഞ്ഞു വീഴുന്നതായി ഞാൻ കാണുന്നു. ജനവാസ സ്ഥലങ്ങൾ വിജനമായതായി ഞാൻ കാണുന്നു. ആ ഏകനായ ദൈവം ഒരു നീണ്ടകാലം മൗനവലംബിച്ചു. അവന്റെ മുമ്പാകെ നിന്ദ്യവും നികൃഷ്ടവുമായ പ്രവർത്തികൾ ചെയ്തുകൊണ്ടേപോയി. അവൻ മൗനം ദീക്ഷിച്ചു. എന്നാൽ ഇപ്പോൾ അവൻ രൗദ്രതയോടെ തന്റെ മുഖം പ്രദർശിപ്പിക്കുന്നതാണ്. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. അല്ലാഹുവിന്റെ തണലിൽ എല്ലാവരെയും ഒരുമിച്ചുകൂട്ടുവാൻ ഞാൻ പരിശ്രമിച്ചു. എന്നാൽ തഖ്ദീർ പൂർത്തിയാകേണ്ടത് തന്നെയാണ്. ഞാൻ സത്യം സത്യമായും പറയുന്നു. ഈ രാജ്യത്തിന്റെയും പരിണിതഫലം സമീപസ്ഥമായിക്കൊണ്ടിരിക്കുന്നു.

നൂഹിന്റെ കാലഘട്ടം നിങ്ങളുടെ കൺമുമ്പിൽ വരുന്നതാണ്. ലൂത്തിന്റെ സമൂഹത്തിൽ സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ കണ്ണുകൾകൊണ്ട് കാണുന്നതാണ്. എന്നാൽ അല്ലാഹു ശിക്ഷയിൽ ധൃതി കാണിക്കാറില്ല. നിങ്ങളുടെ മേൽ കരുണ ചെയ്യപ്പെടുന്നതിനായി തൗബ ചെയ്യുക. അല്ലാഹുവിനെ ഉപേക്ഷിക്കുന്നവൻ മനുഷ്യനല്ല കീടമാകുന്നു. അവനെ ഭയപ്പെടാത്തവൻ ജീവനുള്ളവനല്ല മറിച്ച് മൃതനാകുന്നു.

ചുരുക്കത്തിൽ ഉപഭൂഖണ്ഡങ്ങളിലെ മുസ്‌ലിംകളും ചിന്തിക്കേണ്ടതാണ്. അവരും സുരക്ഷിതരല്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ശക്തിയുക്തം കൂടെക്കൂടെ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അദ്ദേഹത്തിന്റെ മുന്നറിയിപ്പിൽ സഹാനുഭൂതിയുടെ ഭാഗവുമുണ്ട്. അതിനാൽ നാമും സഹാനുഭൂതിയുടെ വികാരത്തോടെ കൂടെ കൂടെ ജനങ്ങളെ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ മുസ്‌ലിംങ്ങളും തങ്ങളുടെ അവസ്ഥകൾ മാറ്റുക. മസീഹ് മൗഊദ് عليه السلام നെതിരിൽ തങ്ങളുടെ കുത്സിത പ്രവർത്തനങ്ങളിൽ നിന്നും വിട്ടൊഴിയുക. ബംഗ്ലാദേശിലെ മുസ്‌ലിംകളും തങ്ങളുടെ നാവടക്കുക. പാക്കിസ്ഥാനിലെ മുസ്‌ലിംകളും തങ്ങളുടെ പ്രവർത്തനങ്ങളെ വിചിന്തനം ചെയ്യുക. അവരാകട്ടെ ദുരന്തങ്ങളെ വളരെ അടുത്ത് നിന്ന് കണ്ട് കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിനെ ഭയപ്പെടുക, ദ്വീപ സമൂഹങ്ങളിൽ ഉണ്ടായ ഈ ദുരന്തങ്ങൾ, ഏതൊരവസ്ഥയിൽ കൂടിയാണ് ജപ്പാൻ ഇപ്പോൾ കടന്ന്പോയ്ക്കൊണ്ടിരിക്കുന്നത്. ഇതിൽ നിന്നെല്ലാം നാം പാഠം പഠിക്കേണ്ടതുണ്ട്. മുസ്‌ലിംകൾ ഈ വസ്തുതകൾ മനസ്സിലാക്കുന്നവരായിത്തീരട്ടെ. കാലത്തിന്റെ ഇമാമിന്റെ സന്ദേശത്തെ മനസ്സിലാക്കുന്നവരായിത്തീരട്ടെ. ഈ ആകാശീയവും ഭൗമികവുമായ ദുരന്തങ്ങൾ കൂടാതെ മുസ്‌ലിം രാജ്യങ്ങളിലെ പ്രതിസന്ധികളാകട്ടെ, അവർ അതിൽ പെട്ടുഴലുകയാണ്. ഇതും ഈ രാഷ്ട്രങ്ങൾക്കായി ഒരു പരീക്ഷണമായിത്തീർന്നിരിക്കുന്നു. പൊതുജനവും ഭരണകർത്താക്കളും പരസ്പരം രക്തദാഹികളായിത്തീർന്നിരിക്കുന്നു. മുസ്‌ലിംങ്ങൾ മുസ്‌ലിംങ്ങളുടെ ചോര ചിന്തുന്നു. ഇതിനേക്കാൾ വലിയ ദയനീതയും ദൗർഭാഗ്യതയും ഈ ഉമ്മത്തിന് ഇനി എന്ത് സംഭവിക്കാനാണ്. ഹാ! ഉമ്മത്തിന്റെ ഗുണത്തിനായി നിയോഗിക്കേണ്ടിയിരുന്ന ആളെ നിയോഗിച്ചിരിക്കുന്നു എന്നിവർക്ക് മനസ്സിലായിരുന്നെങ്കിൽ. ഇനി രക്ഷ ആഗ്രഹിക്കുന്നുവെങ്കിൽ ആ സുരക്ഷാഗേഹത്തിൽ എത്തിച്ചേരുക.

***അല്ലാഹു ഇവർക്ക് ഇതിനുള്ള തിരിച്ചറിവും തൗഫീഖും നൽകുമാറാകട്ടെ. നമ്മെയും അല്ലാഹു യഥാർത്ഥ മുസ്‌ലിംങ്ങളാക്കിത്തീർക്കട്ടെ. യഥാർത്ഥ സഹാനുഭൂതിയോടുകൂടി യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശവാഹകരായിത്തീർക്കട്ടെ. ആദ്യത്തേക്കാളുപരി ദുആയിൽ കൂടുതൽ വ്യാപൃതരായിത്തീരുന്നവരാക്കട്ടെ.***

ജുമുഅക്ക് വരുന്നതിന് മുമ്പായി ലഭിച്ച ഒരു ദുഃഖകരമായ വാർത്തയുണ്ട്. സാങ്കഡിൽ നമ്മുടെ ഒരു യുവാവ് ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സാങ്കഡ് ജില്ലാ സെക്രട്ടറി മാൽ ആയിരുന്ന മുഹമ്മദ് ശരീഫ് സാഹിബിന്റെ മകൻ റാണാ സഫർ സാഹിബിനെ അപരിചിതരായ രണ്ട് മോട്ടോർ സൈക്കിൾ യാത്രക്കാർ ഫയർ ചെയ്ത് ശഹീദാക്കിയിരിക്കുന്നു. اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ റാണാ സാഹിബ് ഒരു ജമാഅത്തീ പ്രോഗ്രാമിന് ശേഷം തന്റെ ഭവനത്തിലേക്ക് തിരിച്ച് പോവുകയായിരുന്നു. ഗെയ്റ്റിന്സമീപത്തെത്തിയപ്പോൾ രണ്ട്പേർ വെടിയുതിർത്ത് രക്ഷപ്പെടുകയാണുണ്ടായത്. മുഖത്ത് മൂന്ന് വെടിയേറ്റു. ഫയർ ശബ്ദം കേട്ട് പുറത്തിറങ്ങിയ ചെറിയ സഹോദരൻ കാണുന്നത് ഇദ്ദേഹം വെടിയേറ്റ് നിലത്ത് കിടക്കുന്നതാണ്. വണ്ടിയിൽ നവാബ് ഷാ കൊണ്ട് പോകുന്ന മധ്യേ അദ്ദേഹം ശഹാദത്ത് പ്രാപിക്കുകയുണ്ടായി. ***അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.*** സന്തപ്തകുടുംബാംഗങ്ങളിൽ ഭാര്യയും രണ്ട് കുട്ടികളുമാണുള്ളത്. കഴിഞ്ഞ കുറച്ച് നാളുകളായി സാങ്കഡിലെ ഇത് അഞ്ചാമത്തെ ശഹാദത്താണ്. ചെറിയ ജമാഅത്താണ്. എന്നാൽ ജീവിതം സമർപ്പിക്കുന്ന കാര്യത്തിൽ വലിയ ത്യാഗം ചെയ്യുന്ന ജമാഅത്താണ്. ***അല്ലാഹു അവിടെയുള്ള അഹ്മദികളെ സുരക്ഷിതമാക്കുമാറാകട്ടെ. ശത്രുക്കളെ എളുപ്പം തന്നെ പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ ഭാര്യയുടെയും കുട്ടികളുടെയും സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ക്ഷമയും സഹനും ധൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ.*** നമസ്കാരങ്ങൾക്ക് ശേഷം ഞാൻ ഇദ്ദേഹത്തിന്റെ ജനാസ ഗായിബും നമസ്ക്കരിപ്പിക്കുന്നതാണ്.

**HADHRAT MIRZA MASROOR AHMAD**
KHALIFATUL MASIH - V
on 18- 03- 2011 at London

വിവർത്തനം
**പി.കെ. മുഹമ്മദ് ശരീഫ് സാഹിബ് കാക്കനാട്**
മുബല്ലിഗ് എറണാകുളം, **PHONE : 9946725303**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode    Published by: **Majlis Khuddamul Ahmadiyya, North Kerala**